JESUS REDEEMS MINISTRIES

# യുവജനലോകം

മെയ് 2025



അലസതയും
കാലതാമസവും മതി,

# ഇനി വിശ്രമമില്ലാതെ ഓടുവിൻ...

# ആമുഖം



പ്രിയപ്പെട്ട യൗവനക്കാരെ

യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ!

അന്ത്യകാല ഉണർവ് നാളുകളിൽ നാം കർത്താവിനായി തീക്ഷ്ണതയോടെ ഓടിക്കൊണ്ടിരിക്കുകയാണെന്ന് മറക്കരുത്. തീക്ഷ്ണത, പ്രയത്നം, വേഗത എന്നിവ കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. നാം കർത്താവിനുവേണ്ടി എന്ത് ശുശ്രൂഷ ചെയ്താലും, അതിൽ തീക്ഷ്ണത ഉണ്ടായിരിക്കണം. അതേസമയം, ആ ശുശ്രൂഷ എത്രമാത്രം പ്രയത്നത്തോടെ ചെയ്യുന്നു എന്ന് നാം പരിശോധിക്കണം. രണ്ട് മാസത്തിൽ ചെയ്യേണ്ട ദൈവവേല നാല് മാസമായിട്ടും തീർന്നിട്ടില്ലെങ്കിൽ, പ്രയത്നിക്കുന്നില്ല എന്നർത്ഥം.

ബാബിലോണിയൻ അടിമത്തത്തിൽ നിന്ന് യെരുശലേമിൽ ദേവാലയം പണിയുവാൻ മുന്നോട്ട് വന്ന ഇസ്രായേൽ ജനം ദേവാലയത്തിന് അടിത്തറയിട്ടു. ചില എതിർപ്പുകൾ വന്നതോടെ, ദേവാലയപണികൾ 15 വർഷം മുടക്കപ്പെട്ട് നിർത്തിവച്ചിരുന്നു . ചിലർ ദേവാലയപണികൾ മറക്കുകയും സ്വന്തം ജോലികൾ ചെയ്യുവാനും തുടങ്ങി. ദൈവരാജ്യ വിസ്തൃതിയ്ക്കായി ദേവാലയം പണിയുന്നതിനു പകരം, അവർ സ്വന്ത ഭവനങ്ങൾ പണിയുവാൻ തുടങ്ങി. ദൈവീക പദ്ധതിയുടെ ഉദ്ദേശ്യം മറന്നുപോയ ജനങ്ങൾക്ക് കർത്താവിന്റെ അരുളപ്പാട് ഉണ്ടായതിനുശേഷം അവർ ശക്തിയോടെ എതിർപ്പുകൾ അതിജീവിക്കുകയും ദൈവാലയ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

പലപ്പോഴും ദൈവവേല ചെയ്യുവാൻ അനുവദിക്കാതെ, ക്ഷീണവും, ബലഹീനതയും നമ്മെ തളർത്തുമ്പോൾ, കർത്താവ് നമ്മെ ശക്തിപ്പെടുത്തുകയും തീക്ഷ്ണതയോടെ, വിശ്രമമില്ലാതെ കർത്താവിനായി ഓടുവാനുള്ള കൃപയും ശക്തിയും നൽകുകയും ചെയ്യുന്നു.

## എന്തുകൊണ്ട് നാം അത് വേഗത്തിൽ ചെയ്യുന്നത്?

കാരണം, സ്വർഗം ത്വരിതഗതിയിലാകുന്നു. അതുകൊണ്ട് എല്ലാ ശുശ്രൂഷകളിലും യൗവനക്കാരായ നിങ്ങൾ ആത്മാർത്ഥതയോടെ പരിശ്രമിക്കണം. വേഗത്തിലും കാര്യക്ഷമമായും പ്രവർത്തിക്കാൻ നിങ്ങൾ പ്രതിജ്ഞാബദ്ധരാകണം. തീക്ഷ്ണത, പ്രയത്നം, വേഗത ഇത് മൂന്നും കർത്താവിനുവേണ്ടി പ്രവർത്തിച്ച ഓരോ ദൈവ ശുശ്രൂഷകരിൽ കാണപ്പെട്ടു.

**അപ്പൊസ്തലനായ പൗലൊസിന്റെ കാലുകൾ വിശ്രമമില്ലാതെ, തീക്ഷ്ണതയോടെ സുവിശേഷ വേലയ്ക്കായി ഓടിക്കൊണ്ടിരുന്നു. ദാവീദ് യുദ്ധം ചെയ്യുവാനായി തീക്ഷ്ണതയോടെ ഓടി. എസ്ഥേർ രാജ്ഞിയുടെ ഷണ്ഡന്മാർ തീക്ഷ്ണതയോടെ കുതിരകളുടെയും കഴുതകളുടെയും പുറത്തുകയറി സുവാർത്ത അറിയിച്ചു. എല്ലാ ഉണർവ് യോദ്ധാക്കളും ഇങ്ങനെയാണ് പ്രവർത്തിച്ചത്.**



### IGNITERS ആയ നിങ്ങൾ

**തീക്ഷ്ണത - കർത്താവിന്റെ പദ്ധതിയിൽ പ്രദർശിപ്പിക്കണം.**
**പ്രയത്നം - ഉണർവ് ദർശനം നിറവേറ്റുന്നതിൽ പ്രദർശിപ്പിക്കണം.**
**വേഗത - നിങ്ങളുടെ അടയാളമായി മാറണം.**

**അലസതയും കാലതാമസവും മതി ...**
**ഇനി വിശ്രമമില്ലാത്ത കാലുകളായി നമ്മുടെ കാലുകൾ മാറട്ടെ!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്



# ഞാൻ ഒരു പ്രാർത്ഥന നായകൻ

## മദ്ധ്യസ്ഥ പ്രാർത്ഥന!

**പ്രിയ യുവജനങ്ങളെ! ഞാൻ ഒരു പ്രാർത്ഥന നായകൻ എന്ന പംക്തിയിലൂടെ പല തരത്തിലുള്ള പ്രാർത്ഥനകളെക്കുറിച്ച് നാം പഠിച്ചുവരുന്നു. ഇത് വായിക്കുന്നത് നിമിത്തം നമുക്ക് ഒരു പ്രയോജനവും ഉണ്ടാകില്ല. ഇത് നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനാ സമയങ്ങളിൽ പ്രയോഗിക്കുന്നതിലൂടെ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ മാറ്റമുണ്ടാകും. അത്ഭുതകരമായ മാറ്റമുണ്ടാകും. കഴിഞ്ഞ മാസം ഹന്നയുടെ കണ്ണുനീരോടുകൂടിയ പ്രാർത്ഥന മഹാനായ പ്രവാചകന്റെ ജനനത്തിന് കാരണമായതായി നാം വായിച്ചു.**

മദ്ധ്യസ്ഥത എന്നാൽ ഒരാൾക്ക് വേണ്ടി മറ്റൊരാളോട് സംസാരിക്കുന്നതാണ്. അതിലുപരിയായി, ശരിയായ കാര്യം ചെയ്ത ഒരാൾക്ക് വേണ്ടി മദ്ധ്യസ്ഥത വഹിക്കേണ്ട ആവശ്യമില്ല. തെറ്റ് ചെയ്ത ഒരാൾക്ക് വേണ്ടിയാണ് മദ്ധ്യസ്ഥത വഹിക്കേണ്ടത്. ".... ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽനിന്ന് എന്റെ പേർ മായിച്ചുകളയേണമേ" (പുറ.32:32) എന്ന് മോശെ പ്രാർത്ഥിച്ചു. അതായത് താൻ ശിക്ഷിക്കപ്പെട്ടാലും സാരമില്ല, തന്റെ ജനങ്ങൾക്ക് ക്ഷമ ലഭിക്കണം എന്നതായിരുന്നു മോശെയുടെ പ്രാർത്ഥന. ജനങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുകയും എങ്ങനെയെങ്കിലും ദൈവകോപത്തിൽ നിന്ന് അവരെ രക്ഷിക്കുകയും വേണം എന്നതായിരുന്നു മോശെയുടെ ഉദ്ദേശ്യം.

നാം നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചിരിക്കാം. എന്നാൽ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി യാചനയോടെ പ്രാർത്ഥിക്കുന്നുവോ? മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നമ്മുടെ കടമയാണ്. ഞാൻ ഒരു പാപവും ചെയ്തിട്ടില്ല, അതുകൊണ്ട് ഞാൻ എന്തിനാണ് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണം, അവർ ചെയ്ത പാപം നിമിത്തം ശിക്ഷിക്കപ്പെടുന്നു എന്ന് മോശെ മിണ്ടാതിരുന്നില്ല. മോശെ കവാടത്തിങ്കൽ നിന്നുകൊണ്ട് ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു (പുറ. 32:10-13). ജനങ്ങളുടെ പാപം സ്വയം ഏറ്റെടുത്തുകൊണ്ട് മോശെ അവർക്കുവേണ്ടി ദൈവത്തോട് മദ്ധ്യസ്ഥത വഹിച്ചു. ഇതാണ് കർത്താവ് പ്രതീക്ഷിക്കുന്ന പ്രാർത്ഥന. മോശെയുടെ മദ്ധ്യസ്ഥത വഹിച്ചുകൊണ്ടുള്ള പ്രാർത്ഥനയുടെ ഫലമായി ദൈവത്തിന്റെ കോപം ശമിച്ചു (പുറ. 32:14). അപ്പോൾ കർത്താവ് തന്റെ ജനത്തിന് വരുത്തുവാൻ ചിന്തിച്ച അനർത്ഥത്തെക്കുറിച്ച് അനുതപിച്ചതായി നാം വായിക്കുന്നു. മദ്ധ്യസ്ഥത വഹിച്ചുകൊണ്ടുള്ള പ്രാർത്ഥന എത്ര ശക്തമാണെന്ന് ഈ വചനഭാഗം നമുക്ക് കാണിച്ചുതരുന്നു.

പ്രിയപ്പെട്ട യൗവനക്കാരെ നമ്മുടെ കണ്ണുനീരോടുകൂടിയ പ്രാർത്ഥന വളരെ ശക്തിയേറിയതാണ്. എന്നാൽ അതിനെ നമ്മുടെ ആവശ്യങ്ങൾക്കും ലൗകിക കാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിച്ചുകൊണ്ട്, നശിച്ചുപോകുന്ന ജനങ്ങൾക്കുവേണ്ടി ഇടിവിൽ നിൽക്കുന്നതിൽ നാം പരാജയപ്പെടുന്നു. നമ്മുടെ കണ്ണുനീരോടുകൂടിയ പ്രാർത്ഥനയാണ് നശിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളെ രക്ഷിക്കുവാനുള്ള ആയുധം. ഇന്ന് മുതൽ രാജ്യത്തിനുവേണ്ടിയും, ആത്മാക്കൾക്കുവേണ്ടിയും ഇടിവിൽ നിൽക്കുവാൻ നിങ്ങളെ സമർപ്പിക്കുവിൻ. നിങ്ങൾ മുഖാന്തരം ധാരാളം ജനങ്ങൾ നരകത്തിൽ നിന്ന് സംരക്ഷിക്കപ്പെടും.

എന്റെ തല വെള്ളവും എന്റെ കണ്ണ് കണ്ണുനീരുറവും ആയിരുന്നെങ്കിൽ.... (യിരെമ്യാവ് 9:1) എന്ന യിരെമ്യാ പ്രവാചകന്റെ പ്രാർത്ഥന നമ്മുടെയും പ്രാർത്ഥനയായി മാറട്ടെ!!




# തന്റെ വിശ്വാസമാണ് ഉയർച്ച

**റോമൻ കത്തോലിക്ക കുടുംബത്തിൽ ഏക മകളായി ജനിച്ച്, എഞ്ചിനീയറിംഗ് പഠിച്ച്, സർക്കാർ ജോലിക്കായി അനേകം അപമാനം സഹിച്ച്, നിരാശയുടെ വാക്കുകൾ കേൾക്കുകയും, യേശുവിന്റെ വചനത്തിൽ മാത്രം വിശ്വസിച്ച്, തന്റെ സ്വപ്നത്തിനായി കഠിനാധ്വാനം ചെയ്ത്, ഇന്ന് സർക്കാർ ഉദ്യോഗസ്ഥയായി ജോലി ചെയ്യുന്ന സഹോദരിയുമായുള്ള അഭിമുഖം....**


**നിങ്ങളുടെ കുടുംബത്തെയും കുട്ടിക്കാലത്തെയും കുറിച്ച് പറയാമോ?**

എന്റെ പേര് മറിയ എസ്ഥേർ ബേബി. ഞാൻ ജനിച്ചതും വളർന്നതും തൂത്തുക്കുടി ജില്ലയിലെ കോവിൽപട്ടിയിലാണ്. അവിടെയാണ് ഞാൻ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഞാൻ റോമൻ കത്തോലിക്ക ക്രിസ്ത്യൻ കുടുംബത്തിൽ ജനിച്ച്, വളരെ ഭക്തിയോടെ വളർന്നു. അവിടെയുള്ള എല്ല ആചാരങ്ങളും ഞാൻ പിന്തുടർന്നു. ഞാൻ എന്റെ മാതാപിതാക്കളുടെ ഏകമകളാണ്. കുട്ടിക്കാലം മുതൽ ഞാൻ നന്നായി പഠിച്ചിരുന്നു. 2012ൽ ഞാൻ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കി സർക്കാർ ജോലിക്ക് ശ്രമിച്ചു.

**ശരി... സർക്കാർ ജോലിക്ക് ശ്രമിച്ചു... അത് നേടിയോ?**

കുടുംബ സാഹചര്യവും വ്യക്തിപരമായ പ്രശ്നങ്ങളും നിമിത്തം എനിക്ക് സർക്കാർ ജോലിക്കായുള്ള ശ്രമം തുടരാനായില്ല. 2020 ജനുവരി 1ന് ഞാൻ രക്ഷിക്കപ്പെട്ടു. അതിനുശേഷം എന്റെ ആത്മീയ ജീവിതം മാറുവാൻ തുടങ്ങി. ഞാൻ യേശുവിനെ അധികമായി അന്വേഷിച്ചു. പ്രയാസമേറിയ പല സാഹചര്യങ്ങൾക്കിടയിലും, വീണ്ടും സർക്കാർ ജോലിക്ക് ശ്രമിക്കുവാൻ കർത്താവ് എന്നോട് പറഞ്ഞു. യാതൊരു പിന്തുണയോ ആൾബലമോ ഇല്ലാതെ കർത്താവിലുള്ള വിശ്വാസത്തിൽ വീണ്ടും ശ്രമിച്ചു. ചുറ്റുമുള്ളവരുടെ നിരാശാജനകമായ സംസാരത്തിനിടയിൽ 2022 മുതൽ ഞാൻ TNPSC പരീക്ഷയ്ക്ക് പഠിക്കാൻ തുടങ്ങി. ഒരു മാസം കഴിഞ്ഞപ്പോൾ എന്റെ വലത് കണ്ണിന് കാഴ്ചശക്തി കുറഞ്ഞു തുടങ്ങി. ഇതിന്റെ കാരണം കണ്ടെത്തുന്നതിന് ഒരാഴ്ച മുമ്പ് 75% കാഴ്ച നഷ്ടപ്പെട്ടു. പല വൈദ്യപരിശോധനകൾ നടത്തിയിട്ടും ഒന്നും കണ്ടെത്താനായില്ല. എല്ലാ പരിശോധനകളിലും Normal എന്ന് വന്നു.

ഇതൊരു വൈറസ് ആയിരിക്കാമെന്ന് അവർ പറഞ്ഞു. ഇനിയും വൈകിയാൽ പൂർണ്ണമായി കാഴ്ച നഷ്ടമാകുമെന്ന് പറഞ്ഞാണ് ചികിത്സ ആരംഭിച്ചത്. ഈ ചികിത്സയിൽ 100%



കാഴ്ച തിരിച്ചു വരുമെന്ന് ഉറപ്പില്ലെന്നും, പാർശ്വഫലങ്ങളുണ്ടാകുമെന്നും അവർ പറഞ്ഞു. ചികിത്സ നടന്നു. 3 ദിവസം drips തുടർന്നു, ഒരു ദിവസം 3 തവണ എന്ന രീതിയിൽ 40 ദിവസം ഗുളികകൾ കഴിക്കാൻ അവർ നിർദ്ദേശിച്ചു. പരീക്ഷ അടുത്തു. ഗുളികകൾ കഴിച്ചപ്പോൾ എനിക്ക് നല്ല ക്ഷീണവും, എഴുന്നേറ്റ് നിൽക്കുവാൻ പോലും പറ്റാത്ത അവസ്ഥയും നേരിട്ടു.

**അയ്യോ.... സർക്കാർ ജോലി നേടാൻ ശ്രമിച്ച നിങ്ങൾ ബലഹീനപ്പെട്ടോ?... എങ്ങനെയാണ് ബലഹീനത അതിജീവിച്ചത്?**

ഡോക്ടർമാർ ഇല്ലാത്ത കാര്യങ്ങൾ ഉള്ളതുപോലെ പറയും. നിങ്ങളുടെ തലയിൽ കൈവച്ച് പ്രാർത്ഥിക്കുവിൻ എന്ന് വരുവിൻ പ്രാർത്ഥിക്കാം എന്ന പരിപാടിയിൽ മോഹൻ അണ്ണൻ പലപ്പോഴും പറയാറുണ്ട്. അതുപോലെ, എല്ലാ ദിവസവും ബലഹീനതയുടെ മദ്ധ്യത്തിൽ, കർത്താവിനോട് "അങ്ങയുടെ ശക്തി നൽകേണമേ" എന്ന് പറഞ്ഞ് തലയിൽ കൈവച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ കർത്താവ് എന്നോട് സംസാരിച്ചു. "ഞാൻ നിന്റെ നിത്യപ്രകാശമായിരിക്കും, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരും" എന്നു പറഞ്ഞ് കർത്താവ് ഓരോ ദിവസവും എന്നെ ശക്തിപ്പെടുത്തി. ആ ശക്തിയോടെ വീണ്ടും ഞാൻ പഠനം ആരംഭിച്ചു. കൈവച്ച് വലതുകണ്ണ് അടച്ച്, ഇടത് കണ്ണിന്റെ സഹായത്തോടെയാണ് Preliminary Exam എഴുതിയത്. വിജയിക്കുമോ ഇല്ലയോ എന്ന് യാതൊരു പ്രതീക്ഷയുമില്ലാതിരുന്നപ്പോഴും കർത്താവ് എനിക്ക് ആദ്യ പരീക്ഷയിൽ വിജയം നൽകി.

ഒരു ഭാഗത്ത് ബലഹീനത, മറു വശത്ത് കർത്താവിന്റെ വചനത്തിൽ മാത്രം ആശ്രയിച്ച് നടന്നു. എല്ലാ ദിവസവും ഞാൻ സ്തോത്രയാഗം അർപ്പിച്ചുവന്നു. പ്രധാന പരീക്ഷയ്ക്ക് തയാറെടുക്കുമ്പോൾ എന്റെ ശരീരം വളരെ ബലഹീനപ്പെട്ടു. Achievers - 2023ൽ പങ്കെടുത്തപ്പോൾ, ഒരു വിദ്യാർത്ഥിയുടെ ബലഹീനത മാറ്റിയ സാക്ഷ്യം കേൾക്കുവാൻ

ഇടയായി. ഞാനും വിശ്വാസത്തോടെ കർത്താവിനോട്, എന്റെ ബലഹീനത മാറ്റി ഇതുപോലെ സാക്ഷിയായി മാറ്റേണമേ എന്ന് അപേക്ഷിച്ചു. എല്ലാ ദിവസവും ഞാനും കർത്താവിനോട് അങ്ങനെ പറഞ്ഞു പ്രാർത്ഥിച്ചു.

**സൂപ്പർ.... പ്രാർത്ഥിച്ചുവോ...? നിങ്ങളുടെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചുവോ?**

അതെ, കുറച്ച് ദിവസങ്ങൾക്ക് ശേഷം എന്റെ കണ്ണുകൾക്ക് വ്യക്തമായ കാഴ്ച ലഭിച്ചു. എപ്പോഴും ഉള്ളതിനേക്കാളും അധികമായി വെളിച്ചം എന്റെ കണ്ണുകളിൽ ഉണ്ടായതായി അനുഭവപ്പെട്ടു. ആ ഉന്മേഷത്തോടെ പഠിക്കുവാൻ തുടങ്ങി. പ്രധാന പരീക്ഷ എഴുതി. 2024 ജനുവരിയിൽ അതിന്റെ ഫലം വന്നു. എന്റെ Overall Rank 3303, BC Community 1816, ഈ റാങ്കിലുള്ളവർക്ക് ജോലി ലഭിക്കാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞു. ഞാൻ കർത്താവിനോട് കർത്താവേ, നിരവധി കഷ്ടതകൾക്കിടയിലും അങ്ങ് എന്നെ പഠിപ്പിച്ചു, ഈ അവസാന നിമിഷവും അങ്ങ് കരുതിക്കൊള്ളേണമേ എന്നു പറഞ്ഞ് കർത്താവിനെ ഏല്പിച്ചു. എന്റെ വിശ്വാസം ഒരിക്കലും കുറഞ്ഞുപോകരുത് എന്ന് പറഞ്ഞ് ഞാൻ വ്യക്തിപരമായി പ്രാർത്ഥിച്ചപ്പോൾ യായീറോസിന്റെ വിശ്വാസത്തെ ഓർമ്മപ്പെടുത്തി കർത്താവ് എന്നോട് സംസാരിച്ചു, അത് എനിക്ക് ഒരു പുതിയ ശക്തി നൽകി. നിരാശാജനകമായ വാക്കുകൾ ആര് സംസാരിച്ചാലും, അതിനെക്കുറിച്ച് വിചാരപ്പെടാതെ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. 2024 മെയ് 24-ാം തിയതി കൗൺസിലിംഗിനായി പോയപ്പോൾ, 'നിങ്ങൾക്ക് ഇത് ലഭിക്കുവാനുള്ള സാധ്യത കുറവാണ്' എന്ന് ഒരാൾ പറഞ്ഞു. ഇതുവരെ എത്തിച്ച യേശു, അവസാനം വരെ എത്തിക്കുമെന്ന് വിശ്വാസത്തോടെ പോയി. കർത്താവ് എനിക്കായി ഒരു സീറ്റ് നൽകുകയും, ആ നിമിഷം തന്നെ അപ്പോയ്മെന്റ് ലഭിക്കുകയും ചെയ്തു. ആ സമയം എന്താണ് ചെയ്യേണ്ടത് എന്നറിയാതെ, സന്തോഷാശ്രുക്കളോടെ ആ സ്ഥലത്തുനിന്നുതന്നെ കർത്താവിനോട് 'യേശുവേ അങ്ങേയ്ക്ക് നന്ദി' എന്നു പറഞ്ഞു. എനിക്ക് മറ്റൊന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല.



**സൂപ്പർ ....സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിച്ച നിങ്ങൾക്ക് ജോലിയും ലഭിച്ചു. ഈ ജോലി നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ?**

2020 ജനുവരി 1ന്, ഇരട്ടി നന്മ നൽകും എന്ന് വാഗ്ദത്തം നൽകിയിരുന്നു. ഏതിലാണ് കർത്താവ് ഇരട്ടി പ്രതിഫലം നൽകും എന്ന് അറിയില്ല. എന്നാൽ 2024ൽ ജോലി ലഭിച്ചു. ജോലി സ്ഥലം തിരഞ്ഞെടുക്കുന്നതിനിടയിൽ, 'എനിക്ക് സംസാരിക്കുവാൻ അറിയില്ല, അങ്ങ് തന്നെ എനിക്ക് സ്ഥലം തിരഞ്ഞെടുത്ത് നൽകണം' എന്ന് ചോദിച്ചു. ഞാൻ ചിന്തിച്ച് പോയത് ഒരു സ്ഥലം; എന്നാൽ അകത്തു പോയപ്പോൾ ഞാൻ പറഞ്ഞത് മറ്റൊരു സ്ഥലം. കർത്താവിന്റെ മഹത്വം എന്നെ നയിച്ചു. **Medical & Rural Health Department**ൽ എനിക്ക് സ്ഥാനം നൽകി. ഇപ്പോൾ ഞാൻ തിരുച്ചിറാപ്പള്ളിയിലാണ് ജോലി ചെയ്യുന്നത്. പലരും എനിക്ക് നേടുവാൻ കഴിയില്ല എന്നു പറഞ്ഞ് പരിഹസിച്ചു, അവർ തന്നെ, 'എസ്ഥേർ നീ നേടിയല്ലോ' എന്ന് പറയുവാൻ തക്കവണ്ണം കർത്താവ് സാഹചര്യം മാറ്റിതന്നു.

**നിങ്ങളുടെ വിവാഹ ജീവിതത്തെ കുറിച്ച് പറയാമോ?**

2013ൽ ശ്രീമാൻ. യൂജിനുമായി എന്റെ വിവാഹം കഴിഞ്ഞു. അപ്പോൾ അദ്ദേഹം പട്ടാളത്തിൽ ജോലി ചെയ്യുകയായിരുന്നു. 2019ൽ വോളണ്ടറി റിട്ടയർമെന്റ് എടുത്തശേഷം സർക്കാർ ജോലിക്കായി ശ്രമിച്ചെങ്കിലും എല്ലാം വെറുതെയായി. വിഷാദ അവസ്ഥയിൽ എല്ലാ ദിവസവും എല്ലാവരും ഉറങ്ങിയതിനുശേഷം കർത്താവിന്റെ സന്നിധിയിലിരുന്ന് കണ്ണുനീരോടെ പ്രാർത്ഥിക്കും. അന്തരംഗത്തിൽ കാണുന്ന പിതാവ് മറുപടി നൽകും എന്ന വചനപ്രകാരം, അധികം കഠിനാധ്വാനം കൂടാതെ **Manager in Reliance Retail Ltd,. MNC** കമ്പനിയിൽ മാനേജരായി ജോലി ലഭിച്ചു, ഇന്ന് ഉന്നത സ്ഥാനം വഹിക്കുന്നു. ഞങ്ങൾക്ക് നാലാം ക്ലാസിൽ പഠിക്കുന്ന ഒരു മകനുണ്ട്.

**നിങ്ങളുടെ വിജയത്തിന്റെ കാരണങ്ങൾ പറയാമോ?**

- കർത്താവിനോടുള്ള എന്റെ വിശ്വാസം.
- ഒരു കൊച്ചു കുഞ്ഞിനെ പോലെ കർത്താവ് എനിക്ക് പാഠങ്ങൾ പറഞ്ഞുതരും, എന്റെ പേപ്പർ തിരുത്തി തരുവാൻ ഞാൻ കർത്താവിനെ ഏൽപ്പിക്കും.

എല്ലാ പരീക്ഷാ സമയത്തും 24 * 7 പ്രാർത്ഥനാ കേന്ദ്രത്തിലേക്ക് ഫോണിൽ വിളിച്ച് എനിക്കുവേണ്ടി സഹോദരങ്ങൾ പ്രാർത്ഥിച്ച പ്രാർത്ഥന വളരെ വലുതാണ്.

- **Achievers meeting** ൽ കൊടുത്ത **prayer card** വച്ച് എല്ലാ ദിവസവും പ്രാർത്ഥിക്കും.

എല്ലാറ്റിനുമുപരിയായി എല്ലാം കർത്താവിന് സമർപ്പിക്കും.

ഞാൻ പഠിക്കുന്ന കാലം മുതൽ **Place Choosing** സമയങ്ങളിൽ എന്റെ ആഗ്രഹപ്രകാരം ചെയ്യാതെ, കർത്താവേ, അങ്ങ് എന്നെ പഠിപ്പിച്ചു, എനിക്ക് നല്ലത് എന്താണെന്ന് അങ്ങ് അറിയുന്നു, അങ്ങ് തന്നെ നോക്കിക്കൊള്ളേണമേ എന്ന് കർത്താവിന്റെ പാദത്തിൽ സമർപ്പിക്കും.



**സൂപ്പർ.... കർത്താവ് നിങ്ങളുടെ ഹൃദയത്തിലെ ആഗ്രഹം നിറവേറ്റി. പ്രതീക്ഷിച്ചത് നടന്നില്ല എന്ന് നിരാശപ്പെട്ടിരിക്കുന്ന യുവജനലോകം വായനക്കാരോട് എന്താണ് പറയാനുള്ളത്?**

ആദ്യമായി യേശുവിനെ വിശ്വസിക്കണം. ആര് എന്ത് പറഞ്ഞാലും അത് ശ്രദ്ധിക്കാതെ വാഗ്ദത്തം മുറുകെ പിടിക്കുവിൻ. എല്ലാ ദിവസവും വചനം വായിച്ച് പ്രാർത്ഥിക്കുവിൻ. കർത്താവിന് സംസാരിക്കുവാൻ സമയം നൽകുവിൻ. കർത്താവിന് പ്രഥമസ്ഥാനം നൽകുവിൻ. വഴി ഇല്ലാത്തയിടത്ത് കർത്താവ് നിങ്ങൾക്ക് വഴിയൊരുക്കും.

**പ്രിയ യുവജനങ്ങളെ! സഹോദരി മറിയ എസ്ഥേർ ബേബി കൊച്ചു കുഞ്ഞിനെപ്പോലെ യേശുവിനോടുള്ള വിശ്വാസം വച്ചിരുന്നു. അവൾ വിശ്വാസത്തോടെ പ്രാർത്ഥിച്ചു കാത്തിരുന്നു. അതുമാത്രമല്ല, അവൾ നന്നായി പഠിച്ചു. അതുകൊണ്ട് കർത്താവ് ജയാളിയാക്കി മാറ്റി ഇന്ന് സർക്കാർ ഉദ്യോഗസ്ഥയായി നിയമിച്ചിരിക്കുന്നു. നിങ്ങൾ യേശുവിനെ പൂർണ്ണമായി വിശ്വസിക്കുവിൻ! നിങ്ങളെയും കർത്താവ് യോസേഫിനെപ്പോലെ, ദാനിയേലിനെപ്പോലെ ദേശത്തിൽ ഉയർത്തിമാനിക്കും.....**

# ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ!

**ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാരിൽ ഈ മാസം നാം അപ്പൊസ്തലനായ പത്രൊസിനെ കാണുവാൻ പോകുന്നു. നിലനിർത്തൽ എന്നതിന്റെ വിപരീത പദമാണ് തള്ളിപ്പറയുന്നത്. ഈ അപ്പൊസ്തലൻ നമ്മെപ്പോലെ മറ്റുള്ളവരെ ഭയന്ന് ക്രിസ്തുവിനെ 3 പ്രാവശ്യം തള്ളിപ്പറഞ്ഞു.**



## പത്രൊസ്



ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം കൊട്ടാരത്തിനുള്ളിൽ വരെ കയറിയവനാണ്, പക്ഷേ അവനിൽ മതിയായ ധൈര്യമില്ലാതിരുന്നു. ആദ്യം അവൻ ഒരു വേലക്കാരത്തിയോട് ക്രിസ്തുവിനെ അറിയില്ല എന്ന് തള്ളിപ്പറഞ്ഞു (മത്തായി 26:69-70). രണ്ടാമതായി മറ്റൊരു സ്ത്രീയെ അവൻ കാണുകയും നീയും യേശുവിന്റെ കൂടെയായിരുന്നു എന്ന് പറഞ്ഞപ്പോൾ ആ മനുഷ്യനെ ഞാൻ അറിയുന്നില്ല (മത്തായി 26:71-72) എന്നു പറഞ്ഞു. മൂന്നാം പ്രാവശ്യവും അങ്ങനെതന്നെ തള്ളിപ്പറഞ്ഞു.

എന്നാൽ കോഴി കൂകിയപ്പോൾ, യേശു തന്നോട് പറഞ്ഞ വാക്ക് ഓർത്ത് അതിദുഃഖത്തോടെ കരഞ്ഞു (മത്തായി 26:71-75). ആ മാനസാന്തരം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു മാറ്റം കൊണ്ടുവന്നിരിക്കും. നമ്മുടെ ജീവിതത്തിൽ നാമും എനിക്ക് ക്രിസ്തുവിനെ അറിയില്ല, ഞാൻ ക്രൈസ്തവനല്ല എന്ന് പറഞ്ഞ സാഹചര്യങ്ങളെ ഓർത്ത് ആത്മാർത്ഥമായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്.

ലോകാവസാനത്തോളം ക്രിസ്തുവിനുവേണ്ടി നിലനിൽക്കുവാനും സാക്ഷികളായി ജീവിക്കുവാനും നമുക്ക് പരിശുദ്ധാത്മാവിന്റെ നിറവ് ആവശ്യമാണ് (അപ്പൊ. പ്രവർത്തികൾ 1:8). പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശേഷം, ക്രിസ്തുവിനുവേണ്ടി ധൈര്യത്തോടെ നിലനിൽക്കുവാൻ പത്രൊസിന് കഴിഞ്ഞു. നമ്മെപ്പോലെ ബലഹീനനായ ഈ അപ്പൊസ്തലൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തന്റെ ജീവിതാവസാനം വരെ നിലനിൽക്കുകയും തലകീഴായി ക്രൂശിക്കപ്പെടാൻ സ്വയം സമർപ്പിക്കുകയും ചെയ്തു.

**നമ്മുടെ ജീവിതത്തിലും ക്രിസ്തുവിനുവേണ്ടി സ്ഥിരോത്സാഹം കാണിക്കാനുള്ള ആഗ്രഹം നമുക്കുണ്ടായേക്കാം. അതിന് നാം പരിശുദ്ധാത്മാവിനാൽ നിറയണം. പരിശുദ്ധാത്മാവിന്റെ നിറവിനായി, ശക്തി പ്രാപിക്കുന്നതിനായി നമുക്ക് വാഞ്ഛയോടെ പ്രാർത്ഥിക്കാം. ഈ അന്ത്യകാലത്തിൽ കാണപ്പെടുന്ന സാഹചര്യങ്ങളിലൊന്നും നാം ക്രിസ്തുവിനെ തള്ളിപ്പറയാതെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിനുവേണ്ടി നിലനിൽക്കാം. ഈ അപ്പൊസ്തലനെപ്പോലെ നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിനെ മഹത്വപ്പെടുത്താം. ആമേൻ...!**

സഹോദരാ ഞാൻ പത്താം ക്ലാസ് പരീക്ഷ എഴുതിയിരിക്കുന്നു. ഞാൻ നന്നായി പഠിക്കുന്ന വിദ്യാർത്ഥിയല്ല! ശരാശരിയായി പഠിക്കുന്നു. കമ്പ്യൂട്ടർ സയൻസ് ഗ്രൂപ്പ് എടുത്ത് പഠിക്കണമെന്നാണ് എന്റെ ആഗ്രഹം. പക്ഷേ എന്റെ ടീച്ചർ എന്റെ പരീക്ഷയുടെ മാർക്ക് നോക്കിയിട്ട്, നിന്നെപ്പോലെ Average, Border Mark നേടുന്ന വിദ്യാർത്ഥികൾക്ക് അത് കിട്ടില്ല. നന്നായി പഠിക്കുന്നവർക്കേ കമ്പ്യൂട്ടർ സയൻസ് ഗ്രൂപ്പ് ലഭിക്കൂ എന്ന് പറഞ്ഞു. നിനക്ക് വേണമെങ്കിൽ Commerce, History ഗ്രൂപ്പ് എടുത്ത് പഠിക്കാൻ പറഞ്ഞു. എന്നാൽ എനിക്ക് ഒട്ടും താൽപര്യമില്ല. കമ്പ്യൂട്ടർ സയൻസ് പഠിച്ച് ഒരു സോഫ്റ്റ് വെയർ ഡെവലപ്പർ ആകണം എന്നതാണ് എന്റെ Aim. പക്ഷേ ടീച്ചർ പറയുന്നതുപോലെ, മറ്റൊരു ഗ്രൂപ്പിൽ പഠിച്ചാൽ എന്റെ സ്വപ്നം എങ്ങനെ യാഥാർത്ഥ്യമാകും ഈ പൊതു പരീക്ഷയിൽ നല്ല മാർക്ക് നേടുമെന്ന് വിശ്വാസമുണ്ട്. എന്നപ്പോലെ ശരാശരി മാർക്കുള്ള വിദ്യാർത്ഥികൾക്ക് സ്വപ്നങ്ങൾ ഉണ്ടാകാൻ പാടില്ലേ ഏതെങ്കിലും ഒരു ഗ്രൂപ്പ് എടുത്ത് പഠിക്കണമോ.

- ഷൈനി, ചെന്നൈ.




പ്രിയ സഹോദരി, ആഗ്രഹങ്ങൾ സഫലമാകുമോ എന്ന ആശയക്കുഴപ്പവും ഭയവും നിങ്ങളെ ബാധിച്ചിരിക്കുന്നു. മനോഹരമായ ഉദ്ദേശം, ഉയർന്ന കാഴ്ചപ്പാട് എന്നിവയ്ക്ക് എന്റെ അഭിനന്ദനങ്ങൾ. ഇക്കാലത്ത് ബിരുദധാരികൾ കോളേജിൽ നിന്ന് ബിരുദം എടുക്കുമ്പോഴും, ഭാവയിൽ എന്താണ് ചെയ്യാൻ പോകുന്നത് എന്ന് മനസ്സിലാക്കാതിരിക്കുമ്പോൾ, പത്താം ക്ലാസിൽ തന്നെ ഭാവിയിൽ എന്താകണം എന്ന നിങ്ങളുടെ കാഴ്ചപ്പാട് പ്രശംസനീയമാണ്.

ഷൈനി നിങ്ങളുടെ ആഗ്രഹപ്രകാരം തീർച്ചായായും നിങ്ങൾ കമ്പ്യൂട്ടർ സയൻസ് പഠിച്ച് പൂർത്തിയാക്കുകയും, ഒരു സോഫ്റ്റ് വെയർ ഡെവലപ്പർ ആകുകയും ചെയ്യും. അതിൽ ഒരു സംശയവുമില്ല. അതുകൊണ്ട് നിരാശപ്പെടരുത്.

നിങ്ങളുടെ ടീച്ചർ സത്യം പറഞ്ഞു. ആ ഗ്രൂപ്പ് പഠിക്കണമെങ്കിൽ, ആവശ്യമായ മാർക്ക് ഉണ്ടാകണം. നന്നായി പഠിച്ചാൽ മാത്രമേ വിജയം നേടാൻ സാധിക്കൂ. പഠനം നിങ്ങൾക്ക് ഒരു ഭാരമായിരിക്കരുത്, അനായാസം പഠിക്കാവുന്ന ഗ്രൂപ്പ് എടുത്താൽ നിങ്ങൾക്ക് പഠിക്കാനും, ജയിക്കാനും എളുപ്പമാകും എന്ന നല്ല ഉദ്ദേശ്യത്തോടെ പറഞ്ഞിരിക്കാം. അതുകൊണ്ട് അധ്യാപകരെ തെറ്റിദ്ധരിക്കരുത്.

**ഷൈനി നിങ്ങൾ ഒരു software developer ആകണമെങ്കിൽ നിങ്ങൾ പിന്തുടരേണ്ടത്...**

**ഈ പത്താം ക്ലാസ് പരീക്ഷയിൽ ഞാൻ നല്ല മാർക്ക് നേടും എന്ന ആത്മവിശ്വാസത്തോടെ കാത്തിരിക്കുവിൻ.**

**11-ാം ക്ലാസിന്റെ തുടക്കം മുതൽ നിങ്ങളുടെ വിഷയങ്ങൾ പൂർണ്ണ ഏകാഗ്രതയോടെ പഠിക്കണം.**

**ആവശ്യമില്ലാത്ത Distraction, Unwanted time waste കാര്യങ്ങൾക്ക് സ്ഥാനം കൊടുക്കരുത്.**



**പലരും ആഗ്രഹിക്കും, എന്നാൽ അതിനുവേണ്ടി കഠിനാധ്വാനം ചെയ്യുവാൻ മനസ്സും ഉണ്ടാകില്ല, പ്രയത്നിക്കുകയുമില്ല.**

**നിങ്ങളുടെ ലക്ഷ്യത്തിലെത്താനുള്ള അടിത്തറയാണ് പതിനൊന്നാം ക്ലാസ്.**

**നന്നായി പഠിച്ചാൽ 12-ാം ക്ലാസിൽ പോകുമ്പോൾ വിഷയങ്ങൾ അധികം പ്രയാസമായിരിക്കില്ല.**

**പരീക്ഷ ഉണ്ടെങ്കിലും ഇല്ലെങ്കിലും എല്ലാ ദിവസവും 5-6 മണിക്കൂർ പഠിക്കുന്നത് നിങ്ങളുടെ ശീലമായി മാറണം.**

**അതുമാത്രമല്ല, സോഫ്റ്റ് വെയർ ഡെവലപ്പർ ആകണമെങ്കിൽ, നിരവധി Computer Languages പഠിക്കണം. Java, c++, C Programming, Python തുടങ്ങി പല Languages പഠിക്കാൻ ഇപ്പോൾ തന്നെ mind fix ചെയ്യണം.**

12-ാം ക്ലാസിൽ ഇങ്ങനെ പഠിച്ചാൽ മാത്രമേ നിങ്ങൾ ആഗ്രഹിക്കുന്ന കമ്പ്യൂട്ടർ സയൻസ് ഗ്രൂപ്പിൽ നല്ല മാർക്ക് നേടാൻ കഴിയൂ. കമ്പ്യൂട്ടർ കോഴ്സുകൾ തുടർന്നും പഠിക്കാം. അത്രയും ഏകാഗ്രതയോടെ പഠിച്ചില്ലെങ്കിൽ ടീച്ചർ പറഞ്ഞത് പോലെ നിങ്ങൾ പരാജയം നേരിടേണ്ടിവരും.

ഷൈനി ഞാനും നിങ്ങളെപ്പോലെ ഒരു ശരാശരി വിദ്യാർത്ഥിയായിരുന്നു. എന്റെ ജീവിതത്തിൽ ഞാനും യേശുവിൽ വിശ്വാസം അർപ്പിച്ചപ്പോൾ, കർത്താവ് എനിക്ക് ജ്ഞാനം നൽകി അനുഗ്രഹിച്ചു. പലതവണ ഞാൻ പരാജയപ്പെട്ടിട്ടും ശരാശരി മാർക്കോടെ വിജയം നൽകി എന്നെ ഉയർത്തി മാനിച്ചു.




ദാവീദ് എന്ന യൗവനക്കാരനെ എല്ലാവരും മാറ്റി നിർത്തി. അവന് ആടുകളെ മേയ്ക്കുവാൻ മാത്രമേ കഴിയൂ എന്ന് അവർ കരുതി. അവന്റെ പിതാവായ യിശ്ശായി ദാവീദിന്റെ



സഹോദരന്മാരെ സൈന്യത്തിൽ ചേർത്തിരുന്നു. എന്നാൽ സൈന്യം മുഴുവൻ ഗൊല്യാത്ത് എന്ന മല്ലനെ കണ്ട് ഭ്രമിച്ചു നിന്നപ്പോൾ, യുദ്ധത്തെക്കുറിച്ച് ഒന്നുമറിയാത്ത ദാവീദ് എന്ന യുവാവ് ഗൊല്യാത്തിനെതിരെ പോരാടി വിജയിച്ചു. കർത്താവ് അവനെ അനുഗ്രഹിക്കുകയും നിസ്സാരനായി കണക്കാക്കപ്പെട്ട അവന്റെ സഹോദരന്മാരുടെ മുന്നിൽ അവനെ ഉയർത്തുകയും ചെയ്തു.

**ഷൈനി, നിങ്ങളും നിങ്ങളുടെ ജീവിതത്തിൽ യേശുവിൽ വിശ്വസിച്ച്, പഠിക്കുവാൻ ശ്രമിക്കുവിൻ. സകലത്തെയും വലുതാക്കുന്നതും ശക്തീകരിക്കുന്നതും നിന്റെ പ്രവൃത്തിയാകുന്നു (2ദിന. 29:12). നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കുമെന്ന് കർത്താവ് വാഗ്ദത്തം നൽകിയിട്ടുണ്ട് (മത്തായി 21:24). വിശ്വാസത്തോടെ പഠിക്കുവിൻ! തീർച്ചയായും കർത്താവ് വിജയം നൽകും.....!**

# കർത്താവ് ആഗ്രഹിക്കുന്ന ഉണർവിന്റെ ദാഹം

## ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു അത് ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു (ലൂക്കോസ് 12:49)







ഈ വചനം വായിക്കുമ്പോൾ കർത്താവ് ഉണർവിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഭൂമിയിൽ, അതായത് മനുഷ്യരുടെ മേൽ ഉണർവിന്റെ അഗ്നി പകരപ്പെടണം, അത് ജ്വലിക്കണമെന്നാണ് കർത്താവിന്റെ ഹൃദയത്തിലെ ജ്വലിക്കുന്ന ആഗ്രഹം. യേശുവിന്റെ പ്രാർത്ഥനയും അതുതന്നെയായിരുന്നു.

യേശു എല്ലാ ദിവസവും അതികാലത്ത് എഴുന്നേറ്റ്

പ്രാർത്ഥിച്ചിരുന്നു (മർക്കൊസ് 1:35). യേശു വൈകുന്നേരം മലയിൽ പ്രാർത്ഥിച്ചു (മത്തായി 14:23). യേശു വീണ്ടും മലയിൽ ചെന്നു രാത്രി മുഴുവൻ പ്രാർത്ഥിച്ചു (ലൂക്കോസ് 6:12). ഇങ്ങനെ യേശു ഒരു ദിവസം നാല് മണിക്കൂർ തനിച്ചിരുന്ന് പ്രാർത്ഥിച്ചിരിക്കുമെന്ന് വിശുദ്ധന്മാർ പറയുന്നു.

മാത്രമല്ല, യേശു തന്റെ ശിഷ്യന്മാരോടൊപ്പം പ്രാർത്ഥിച്ചതായി വചനം പറയുന്നു. അങ്ങനെ പ്രാർത്ഥിക്കേണ്ട ആവശ്യം എന്താണ്? ലോകം മുഴുവനും അഗ്നി പകരപ്പെട്ട് ജ്വലിച്ച് പ്രകാശിക്കണം എന്നതാണ് യേശുവിന്റെ വാഞ്ഛയും ആഗ്രഹവും. പെന്തക്കോസ്തനാൾ വന്നപ്പോൾ, മാളികമുറിയിൽ കൂടിയിരുന്ന 120 പേരുടെ മേൽ അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അപ്പൊ. പ്രവർത്തികൾ 2-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിന്റെ ആഗ്രഹം നിറവേറിയതായി നാം കാണുന്നു.

മാളികമുറിയിൽ പകരപ്പെട്ട അഗ്നി നാം ആയിരിക്കുന്ന ദേശത്തിൽ പകരപ്പെടണം എന്ന വാഞ്ഛയും ആഗ്രഹവും നമുക്കും ഉണ്ട്. ഇപ്പോൾ നാം അന്ത്യകാല ഉണർവിനായി പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. ആദ്യ നൂറ്റാണ്ടിൽ ഉണ്ടായ ഉണർവ് അപ്പൊ. പ്രവർത്തികൾ 2-ാം അദ്ധ്യായത്തിൽ വായിക്കുന്നു. അതിനുശേഷം വെയിൽസ്, സ്കോട്ട്ലാന്റ്, ഇംഗ്ലണ്ട്, കൊറിയ, ഇന്തോനേഷ്യ തുടങ്ങി പല രാജ്യങ്ങളിലും ഉണ്ടായ ഉണർവിനെക്കുറിച്ച് നമുക്കറിയാം. എന്നാൽ നാം ഇപ്പോൾ ഉറ്റുനോക്കുന്നത് ലോകമെമ്പാടുമുള്ള അന്ത്യകാല ഉണർവാണ്. അതിനുവേണ്ടിയാണ് കർത്താവ് നമ്മെ ഒരുക്കുന്നത്.

### ഉണർവ് കാണുവാൻ നാം എന്ത് ചെയ്യണം?

### ഉണർവിനായുള്ള വാഞ്ഛയും ആഗ്രഹവും നമുക്കുണ്ടായിരിക്കണം.

ഉണർവ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ്. സഭകൾ വളർന്ന് പെരുകും. സഭകൾ രൂപാന്തരപ്പെടുകയും ധാരാളം ജനങ്ങളെ കർത്താവിലേക്ക് കൊണ്ടുവരികയും ചെയ്യും. ഈ ഉണർവ് ഉണ്ടാകണം എന്ന വാഞ്ഛ നമ്മിൽ ഉണ്ടായിരുന്നാൽ മാത്രമേ അത് കാണുവാൻ സാധിക്കൂ.

സ്കോട്ട്ലാൻഡ് ഒരു ക്രിസ്ത്യൻ രാഷ്ട്രമാണെങ്കിലും, എല്ലായിടത്തും മദ്യശാലകളുണ്ട്! ജനങ്ങൾ മദ്യപിച്ച് ക്ലബ്ബുകളിൽ സമയം ചെലവഴിക്കുകയും യേശുവിനെ മറക്കുകയും ചെയ്തു. അങ്ങനെ ജനങ്ങൾ കർത്താവിൽ നിന്ന് അകന്നു. ആലയങ്ങൾ വിജനമായിരുന്നു. ഇത് കണ്ട ജോൺ നോക്സ് ഉണർവ് ഉണ്ടാകണം എന്ന് വർഷങ്ങളോളം പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി ഒരു ദിവസം കർത്താവ് സ്കോട്ട്ലാൻഡ് രാഷ്ട്രത്തിലേക്ക് ഉണർവ് പകർന്നു. ഉണർവ് ഉണ്ടായപ്പോൾ മദ്യശാലകളും, ഡാൻസ് ക്ലബ്ബുകളും അടയ്ക്കപ്പെട്ടു. ജനങ്ങൾ ആലയങ്ങളിൽ വരുവാൻ തുടങ്ങി. വലിയൊരു ആത്മീയ മാറ്റം അവിടെ സംഭവിച്ചു. ആ ഉണർവ് 100 വർഷക്കാലം സ്കോട്ട്ലാൻഡ് രാഷ്ട്രത്തിൽ വലിയ സ്വാധീനം ചെലുത്തിയതായി ചരിത്രം രേഖപ്പെടുത്തുന്നു.

പർവതങ്ങളും തടാകങ്ങളും ഉള്ള വളരെ മനോഹരമായ ഒരു രാജ്യമാണ് വെയിൽസ്. എത്ര മനോഹരമാണോ അത്രത്തോളം പാപവും ആ ദേശത്ത് ഉണ്ട്. ഇവാൻ റോബർട്ട്സ് എന്ന യൗവനക്കാരൻ തന്റെ രാജ്യം രൂപാന്തരപ്പെടണം എന്ന ആഗ്രഹത്താൽ നിറഞ്ഞിരുന്നു. ഉണർവിന്റെ വാഞ്ഛയോടെ അദ്ദേഹം 11 വർഷം പ്രാർത്ഥിച്ചു. 11 വർഷത്തെ പ്രാർത്ഥനയ്ക്ക് ശേഷം 1904ൽ ഉണർവിന്റെ അഗ്നി പകരപ്പെട്ടു. അത് മുഖാന്തരം മദ്യശാലകൾ അടയ്ക്കപ്പെട്ടു. ജനങ്ങൾ മദ്യകുപ്പികൾ റോഡുകളിൽ എറിഞ്ഞ് നശിപ്പിച്ചു, ഇങ്ങനെ ആ ദേശത്ത് വലിയ മാനസാന്തരം ഉണ്ടായി. അദ്ദേഹം പോകുന്ന സ്ഥലങ്ങളിലെല്ലാം ജനങ്ങൾ കണ്ണുനീരോടെ മാനസാന്തരപ്പെടുകയും, രക്ഷ പ്രാപിക്കുകയും ചെയ്തു. സഭകൾ നിറയുവാൻ തുടങ്ങി. വലിയ ആത്മീക, സാമൂഹിക മാറ്റങ്ങളും ഉണ്ടായി. 2 വർഷത്തിനുള്ളിൽ രാജ്യം രൂപാന്തരപ്പെട്ടു.

ആ ഉണർവ് യൂറോപ്പ് ഭൂഖണ്ഡത്തിലുടനീളം വ്യാപിക്കുകയും 1906ൽ അമേരിക്കയിൽ പെന്തക്കോസ്ത് ഉണർവിന് കാരണമാവുകയും ചെയ്തു. ഈ ഉണർവ് കണ്ട വില്യം സെയ്മോർ എന്ന ദൈവപുരുഷൻ അമേരിക്കയിലെ അസൂസ തെരുവിൽ ദൈവവചനം പ്രസംഗിച്ചപ്പോൾ പരിശുദ്ധാത്മാവ് പകരപ്പെടുകയും ഉണർവ് ഉണ്ടാകുകയും ചെയ്തു. അവിടെ ഉണ്ടായതാണ് പെന്തക്കോസ്ത് ഉണർവ്. ഇതിലൂടെയാണ് ലോകമെമ്പാടുമുള്ള പെന്തക്കോസ്ത് സഭകൾ സൃഷ്ടിക്കപ്പെട്ടത്.

ഒരു രാജ്യത്തിന്റെ, ഒരു പട്ടണത്തിന്റെ രൂപാന്തരമാണ് ഉണർവ്. പരിശുദ്ധാത്മാവിന് മാത്രമേ അത് ചെയ്യുവാൻ കഴിയൂ. പരിശുദ്ധാത്മാവ് പകരപ്പെടുകയും ജനങ്ങൾ കൂട്ടം കൂട്ടമായി രക്ഷ പ്രാപിക്കുകയും ചെയ്യുന്നതാണ് ഉണർവ്. ആ ഉണർവ് നമുക്ക് കാണണമെങ്കിൽ നമ്മുടെ രാജ്യത്തിലെ ജനങ്ങളെക്കുറിച്ച് നമുക്ക് ആത്മഭാരം ഉണ്ടാകണം. നമ്മുടെ മുഴങ്കാലുകൾ മടങ്ങണം. അതിന് വില നൽകണം. അപ്പോൾ മാത്രമേ നമുക്ക് ഉണർവ് കാണുവാൻ സാധിക്കൂ.

പ്രിയ യുവജനങ്ങളെ! ഉണർവ് എന്നത് നിലവിളിക്കുന്നത് മാത്രമല്ല, ഉച്ചത്തിലുള്ള കൈയടിയും ആരവാരവുമല്ല. ഉണർവിനെക്കുറിച്ച് നിങ്ങളുടെ ഹൃദയത്തിൽ എന്തെങ്കിലും ഭാരമുണ്ടോ? ചിന്തയുണ്ടോ? സമർപ്പണമുണ്ടോ? എന്ന് ചിന്തിച്ചുനോക്കുവിൻ. ഇന്ന് ഉണർവിനായി വിലനൽകി പ്രാർത്ഥിക്കുവാൻ ഞാൻ എന്നെ സമർപ്പിക്കുന്നു എന്ന് നിങ്ങൾ സമർപ്പിക്കുമോ? അങ്ങനെ സമർപ്പണത്തോടെ പ്രാർത്ഥിക്കുമ്പോൾ, കർത്താവ് നിങ്ങളെ ജോൺ നോക്സിനെപ്പോലെ, വില്യം സെമോറിനെപ്പോലെ, ഇവാൻ റോബർട്ട്സിനെപ്പോലെ പ്രയോജനപ്പെടുത്തുകയും നിങ്ങൾ നിമിത്തം രാജ്യത്തിൽ ഒരു വലിയ ഉണർവ് ഉണ്ടാകുകയും ചെയ്യും എന്നതിൽ സംശയമില്ല...!





# വിശ്രമമില്ലാതെ ഓടുവിൻ

**കാലം സമീപമായിരിക്കുന്നതിനാലും, തനിക്ക് ഇനി അല്പകാലം മാത്രമേയുള്ളൂവെന്ന് പിശാചിന് അറിയാവുന്നതിനാലും, നാം അസ്വസ്ഥരാകാതെ, രാജ്യത്തിന്റെ സുവിശേഷം ജനങ്ങളോട് അറിയിക്കുവാനും യേശുവിന്റെ വരവിനായി അവരെ ഒരുക്കുവാനും വിശ്രമമില്ലാതെ ഓടണം. സുവിശേഷം മനുഷ്യനെ മനുഷ്യനായി ജീവിക്കുവാൻ വഴിയൊരുക്കുന്നു. നിരാശയിൽ ആയിരിക്കുന്ന ജനങ്ങൾക്ക് ഇത് പ്രതീക്ഷ നൽകുന്നു. ആ പ്രതീക്ഷ നൽകുന്ന വാക്കുകൾ ആർ വഹിച്ചുകൊണ്ടുപോകും? "അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും?" (യെശയ്യാവ് 6:8) എന്ന് കർത്താവിന്റെ ഹൃദയം ഇപ്പോഴും ആഗ്രഹിക്കുന്നു.**

അരാം സൈന്യം ശമര്യയെ വളഞ്ഞപ്പോൾ രാജ്യമെമ്പാടും ക്ഷാമവും, പട്ടിണിയും വ്യാപിച്ചു. സ്വന്തം മക്കളെ കൊന്നു തിന്നുള്ള അവസ്ഥയിലേക്ക് ഇസ്രായേല്യർ തള്ളപ്പെട്ടു. ആളുകൾക്ക് ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ടതുകൊണ്ട് നിരാശപ്പെട്ടു. ജനങ്ങളുടെ അവസ്ഥ കണ്ടിട്ടും സഹായിക്കുവാൻ കഴിയാത്ത സാഹചര്യത്തിലേക്ക് ഇസ്രായേൽ രാജാവും തള്ളപ്പെട്ടു. അത്തരമൊരു സാഹചര്യത്തിൽ ആ







രാജ്യത്തിൽ "കുഷ്ഠരോഗികളായ നാലാൾ പടിവാതിൽക്കൽ ഉണ്ടായിരുന്നു; അവർ തമ്മിൽ തമ്മിൽ നാം ഇവിടെ കിടന്നു മരിക്കുന്നത് എന്തിന്" (2രാജാ7:3) എന്ന് അരാംപാളയത്തിലേക്ക് ധൈര്യത്തോടെ പുറപ്പെട്ടതുകൊണ്ട്, കർത്താവ് രക്തം ചൊരിയാതെ, അരാമ്യസൈന്യത്തെ ശമര്യ ദേശം വിട്ട് പുറത്തേക്ക് ഓടിച്ചു.

അപ്പോൾ ഈ കുഷ്ഠരോഗികളും പാളയത്തിലെ കൂടാരത്തിൽ വന്നു, തിന്നു കുടിച്ചു തൃപ്തരായശേഷം, നാം ചെയ്യുന്നതു ശരിയല്ല ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ മിണ്ടാതിരിക്കുന്നു; നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്കു കുറ്റംവരും (2 രാജാ. 7:9) എന്നു അവർ തമ്മിൽ തമ്മിൽ പറഞ്ഞ് ആ രാത്രി തന്നെ അവർ പട്ടണവാതിക്കൽ ചെന്നു, രാജാവിനോടും ജനത്തോടും രക്ഷയുടെ സദ്വർത്തമാനം അറിയിക്കുകയും ശമര്യാ പട്ടണത്തെ വലിയ നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. സമ്പത്തും സമൃദ്ധമായ ഭക്ഷണവും ഉണ്ടായിരുന്നിട്ടും അവർ സുഖമായി ജീവിക്കാതെ, ശാരീരിക ബലഹീനതകൾക്കിടയിലും അവർ ജനങ്ങളോട് സുവാർത്ത അറിയിച്ചു.

യേശുവിന്റെ സുവിശേഷം അറിഞ്ഞിട്ടും, നമ്മിൽ പലരും എനിക്ക് സംസാരിക്കാൻ അറിയില്ല, എനിക്ക് ജ്ഞാനമില്ല, ഞാൻ പറഞ്ഞാൽ ആരും കേൾക്കില്ല എന്നൊക്കെ ഒഴിവുകഴിവുകൾ പറഞ്ഞുകൊണ്ടിരിക്കുന്നതല്ലാതെ, ഇവരെപ്പോലെ വിശ്രമമില്ലാതെ ഓടി യേശുവിന്റെ സദ് വർത്തമാനം അറിയിക്കുന്നവർ ചുരുക്കമാണ്.

മെയ് മാസം മുഴുവനും കളിസ്ഥലങ്ങളിലും സമൂഹ മാധ്യമങ്ങളിലും സമയം നഷ്ടപ്പെടുത്താതെ, വേനൽ അവധിക്ക് വിശ്രമിക്കാൻ തണുപ്പുള്ള സ്ഥലങ്ങളിൽ പോകാതെ, ക്രിസ്തുവിന്റെ സ്നേഹം ജനങ്ങളിൽ എത്തിക്കുവാൻ പരിശ്രമിക്കുവിൻ. കർത്താവിന്റെ സുവിശേഷം അറിയിക്കുക എന്നത് നിങ്ങളുടെ കടമയായി ചെയ്യാതെ, സ്നേഹത്തോടെ ചെയ്യുവിൻ. അതിനനുസരിച്ച് പ്രതിഫലം ലഭിക്കും.

യേശുവിന്റെ ശിഷ്യനായ തോമസും കർത്താവ് അയച്ച മിഷനറിമാരും നമ്മെയും നമ്മുടെ രാജ്യത്തെയും സ്നേഹിച്ചു, വിശ്രമമില്ലാതെ ഓടിയതുകൊണ്ട്, അവർ അനേകരെ ക്രിസ്തുവിലേക്ക് നയിച്ചു.





1820 മുതൽ 1835 വരെ തിരുനെൽവേലി ജില്ലയിൽ റീനിയസ് അയ്യർ എന്ന മിഷനറി മുഖാന്തരം ധാരാളം ജനങ്ങൾ രക്ഷപ്രാപിച്ചു. തന്റെ അശ്രാന്ത പരിശ്രമത്തിലൂടെ, 15 വർഷത്തിനുള്ളിൽ 370 ലധികം പള്ളികളും 107 പ്രൈമറി സ്കൂളുകളും സ്ഥാപിക്കുകയും ക്രിസ്തുവിന്റെ സുവിശേഷം വളരെ ശക്തമായി പ്രസംഗിക്കുകയും ചെയ്തു. ലണ്ടനിൽ നിന്ന് കൊണ്ടുവന്ന പേപ്പറിൽ ആയിരക്കണക്കിന് ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തു. അങ്ങനെ ക്രൈസ്തവ അറിവും സാധാരണക്കാരുടെ സാക്ഷരതയും വളർന്നു. അദ്ദേഹത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളിലൂടെ 1825ൽ മാത്രം 3000ത്തിലധികം ആളുകൾ യേശുക്രിസ്തുവിനെ സ്വീകരിച്ചു. വിശ്രമമില്ലാതെ രാവും പകലും സുവിശേഷ പ്രവർത്തനം നടത്തിയതിനാൽ തിരുനെൽവേലി ജില്ലയുടെ അപ്പൊസ്തലൻ എന്നാണ് അദ്ദേഹം ഇപ്പോഴും അറിയപ്പെടുന്നത്.


**പ്രിയപ്പെട്ട യൗവനക്കാരെ! ഇനി സമയം അധികമില്ല; കാലം സമീപിച്ചിരിക്കുന്നു. ഒരു ദിവസം ഒരു വ്യക്തിയോടെങ്കിലും യേശുവിനെക്കുറിച്ച് പറയണം എന്നൊരു തീരുമാനം എടുത്ത്, അത് നിറവേറ്റുവാൻ ശ്രമിക്കുവിൻ. വ്യക്തിപരമായോ, സംഘമായോ ആവശ്യക്കാരായ ജനങ്ങളുടെ അടുക്കൽ കടന്നുപോയി, പ്രത്യാശയുടെ വാക്കുകൾ പറഞ്ഞ് അവരെ വീണ്ടെടുക്കുകയും ക്രിസ്തുവിലേക്ക് നയിക്കുകയും ചെയ്യുവിൻ!!**

# അത്ഭുത വാർത്തകൾ!

**Hello friends,** നിങ്ങൾക്കെല്ലാവർക്കും സുഖമാണോ? അത്ഭുത വാർത്തകൾ എന്ന പംക്തിയിലൂടെ നിങ്ങളെ വീണ്ടും കണ്ടതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്

ഭവനം പണിയുവാനും, നാടിന്റെ വികസനത്തിനും, നാളെ സൃഷ്ടിക്കുവാനും, ഇന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും തൊഴിലാളി ദിനാശംസകൾ

രാവും പകലും നോക്കാതെ ഈ യൗവനപ്രായത്തിൽ കഠിനാധ്വാനം ചെയ്താൽ മാത്രമേ ഭാവിയിൽ മികവ് കൈവരിക്കുവാൻ സാധിക്കൂ എന്ന ലക്ഷ്യത്തോടെ അധ്വാനിക്കുന്ന നിങ്ങളെ ഓരോരുത്തരെയും കർത്താവ് അനുഗ്രഹിക്കട്ടെ.







നമ്മുടെ വചനത്തിൽ പുതിയ നിയമ കാലഘട്ടത്തിൽ ഉയിർപ്പിനുശേഷമുള്ള ആദ്യത്തെ അത്ഭുതം മുടന്തന്റെ സൗഖ്യമാണ്. പെന്തക്കോസ്ത് നാളിൽ കർത്താവ് തന്റെ ശിഷ്യന്മാരെ ശക്തിയാൽ നിറച്ചതു നിമിത്തം, അവർ ലോകം ഇളക്കിമറിച്ച അപ്പൊസ്തന്മാരായി മാറി. മത്സ്യത്തൊഴിലാളികളായിരുന്ന പത്രൊസും യോഹന്നാനും പ്രാർത്ഥിക്കാൻ ദേവാലയത്തിലേക്ക് പോയപ്പോൾ അവരിൽ നിന്നും വല്ലതും കിട്ടും എന്നു കരുതി ഭിക്ഷ ചോദിച്ച മുടന്തനെ നോക്കി "വെള്ളിയും പൊന്നും എനിക്കില്ല, നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക" എന്നു പത്രൊസ് പറഞ്ഞു. ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ച് അവൻ കുതിച്ചെഴുന്നേറ്റു നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയത് നാം കണ്ടു.

**ഇതൊക്കെയും ആ കാലഘട്ടത്തിൽ മാത്രമാണോ? അതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ഇംഗ്ലണ്ടിൽ നിന്ന് ഒരു അത്ഭുത വാർത്ത ലഭിച്ചു. വരുവിൻ... അവിടെ എന്താണ് നടന്നതെന്ന് കാണാം.**



20-ാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച ശുശ്രൂഷകനായി സ്മിത് വിഗ്ഗ്ലെസ്വർത്ത് കണക്കാക്കപ്പെട്ടിരുന്നു. ഒരു ദിവസം അദ്ദേഹത്തെ ഒരാൾ വീട്ടിലേക്ക് ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. ആ മനുഷ്യന് രണ്ട് കാലുകളുമില്ല, ഭക്ഷണത്തിന് ശേഷം ഇരുവരും കുറച്ച് സമയം സംസാരിച്ചു. സ്മിത്തിന് അയാളുടെ അവസ്ഥയെക്കുറിച്ച് ഒരു ഭാരം ഉണ്ടായി. അദ്ദേഹം വിശ്വാസത്തോടെ ആ മനുഷ്യനെ നോക്കി നാളെ രാവിലെ നിന്റെ കാലിന് പുതിയ ചെരുപ്പ് വാങ്ങണം എന്നു പറഞ്ഞ് കടന്നുപോയി. ആ മനുഷ്യന് അത്ഭുതം! 'കാലില്ലാത്ത എനിക്ക് പുതിയ ചെരുപ്പോ?' എന്ന് ചിന്തിച്ച് അയാൾ ചിരിച്ചു. എന്നാൽ അന്ന് രാത്രി അവൻ ഉറങ്ങാൻ കിടന്നിട്ടും ഉറങ്ങുവാൻ കഴിഞ്ഞില്ല. കർത്താവ് ആ മനുഷ്യനോട് 'നീ പോയി എന്റെ ദാസൻ നിന്നോട് പറഞ്ഞതുപോലെ ചെയ്യുവിൻ' എന്നു പറഞ്ഞു. അങ്ങനെ അയാൾ അതിരാവിലെ എഴുന്നേറ്റ് പട്ടണത്തിൽ പോയി കട തുറക്കാൻ കാത്തു നിന്നു, കുറച്ചു കഴിഞ്ഞപ്പോൾ കടയുടമ അവിടെ വന്ന് അയാളെ നോക്കി, 'സാർ നിങ്ങൾക്ക് എങ്ങനെയുള്ള ചെരുപ്പാണ് വേണ്ടത്? നിങ്ങൾ വാങ്ങാൻ ആഗ്രഹിക്കുന്ന ചെരുപ്പിന്റെ നിറവും അളവും ഞങ്ങളോട് പറയുവിൻ' എന്നു പറഞ്ഞു. അയാൾ അത് പറയുവാൻ അല്പം മടിച്ചു. അപ്പോൾ കടയുടമ അയാളുടെ അവസ്ഥ കണ്ട്, 'സാർ നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് കഴിയില്ല, കാലില്ലാതെ നിങ്ങൾ എങ്ങനെ ചെരുപ്പ് ധരിക്കും?' എന്ന് ചോദിച്ചു. എന്നാൽ എനിക്ക് കുഴപ്പമില്ല കറുപ്പ് നിറമുള്ള എട്ട് ഇഞ്ചുള്ള ഒരു ജോടി ചെരുപ്പ് തരുവിൻ എന്നു പറഞ്ഞു. കടയുടമ ചെരുപ്പ് എടുത്തുകൊടുത്തു. ആ മനുഷ്യൻ ചെരുപ്പ് വാങ്ങി തന്റെ കാലിൽ ഇട്ടപ്പോൾ എന്തൊരു അത്ഭുതം! ആ കാൽ ഉടൻ വളരാൻ തുടങ്ങി. അതുപോലെ അടുത്ത കാലിൽ ചെരുപ്പ് ഇട്ടപ്പോൾ ആ കാലും വളരാൻ തുടങ്ങി. ഇത് കണ്ട കടയുടമയ്ക്കും ഒന്നും മനസ്സിലായില്ല. എന്നാൽ ആ മനുഷ്യൻ പുതിയ ചെരുപ്പുമായി മാത്രമല്ല, പുതിയ കാലുകളോടുകൂടെ വീട്ടിലേക്ക് പോയി. ഈ വാർത്ത സ്മിത്തിലെത്തിയപ്പോൾ അദ്ദേഹം അതിൽ അത്ഭുതപ്പെട്ടില്ല. കാരണം അദ്ദേഹം അത് പ്രതീക്ഷിച്ചിരുന്നു.

കണ്ടുവോ ഫ്രണ്ട്സ്, ഉണർവ് നാളുകളിൽ ദൈവം ഉപയോഗിച്ച അപ്പൊസ്തലന്മാരും, ഉണർവ് വീരന്മാരും ദൈവത്തിന്റെ ശക്തിയാൽ ശക്തവും അമാനുഷികവുമായ കാര്യങ്ങൾ ചെയ്യുകയും യേശു ജീവനോടിരിക്കുന്നു എന്ന് തെളിയിക്കുകയും ചെയ്തു. ഈ ഉണർവിന്റെ കാലഘട്ടത്തിൽ നമ്മെ ഉപയോഗിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു. നമ്മിലൂടെ ഇനിയും കൂടുതൽ അമാനുഷിക അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു. എന്നാൽ അത് വിശ്വാസത്തിലും സമർപ്പണത്തിലും അധിഷ്ഠിതമാണ്. friends നിങ്ങൾ തയാറാണോ?

(തുടരും)

# പ്രാർത്ഥന ഡയറി മെയ് 2025

## വൈദ്യുതിയുടെ അഭാവം

2027 വരെ ഇന്ത്യയിൽ വൈദ്യുതിയുടെ ആവശ്യകത പ്രതിവർഷം 6.3% വർദ്ധിക്കുമെന്ന് പ്രവചിക്കപ്പെടുന്നു. 2024ൽ വൈദ്യുതി ആവശ്യകതയിൽ 5.8% വർദ്ധനവ് ഉണ്ടായി. 2025ൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന വൈദ്യുതി ആവശ്യകത 270 മെഗാ വാട്ട് കവിയുമെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രവചിക്കുന്നു. ഇന്ത്യയുടെ മൊത്തം വൈദ്യുതി ഉൽപ്പാദന ശേഷി 83.8% വർദ്ധിച്ചു. ഇത് 2024 മാർച്ച് 31ലെ 249 മെഗാ വാട്ടിൽ നിന്ന് 2024 നവംബർ 30ന് 457 മെഗാ വാട്ടായി വർദ്ധിച്ചു. കഴിഞ്ഞ വർഷം വേനൽക്കാലത്ത് 20,830 മെഗാ വാട്ടിന്റെ ആവശ്യം ഉണ്ടായിരുന്നു. ഈ വർഷം 22,000 മെഗാ വാട്ട് വൈദ്യുതി വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

### പ്രാർത്ഥന വിഷയങ്ങൾ

1. വേനൽക്കാലത്ത് തടസ്സമില്ലാതെ വൈദ്യുതി ലഭിക്കാനും വൈദ്യുതി ഉൽപ്പാദനം വർദ്ധിക്കുവാനും പ്രാർത്ഥിക്കുവിൻ.
2. വേനൽക്കാലത്ത് വൈദ്യുതി ആവശ്യം വർദ്ധിക്കുന്നതിനാൽ വൈദ്യുതി മുടങ്ങാതെ ലഭിക്കാൻ ഗവൺമെന്റ് ശരിയായ തീരുമാനങ്ങൾ എടുക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. തമിഴ്നാടിന് പ്രതിദിനം 15,000 മെഗാവാട്ട് വൈദ്യുതി ആവശ്യമാണ്. വേനൽക്കാലത്ത് ഇത് 17,000 മെഗാവാട്ടായി ഉയരുമ്പോൾ, ആ ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ പ്രാർത്ഥിക്കുവിൻ.
4. കാറ്റിൽ നിന്നുള്ള വൈദ്യുതിയുടെ ശരിയായ ഉൽപാദനത്തിനായി പ്രാർത്ഥിക്കുവിൻ.





## വേനൽ

2025ൽ അധികമായി വെയിൽ കാണപ്പെടുമെന്ന് ലോക കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കഴിഞ്ഞ 2023-2024ൽ വേനൽക്കാലത്ത് ചൂട് അധികമായിരുന്നു. പ്രത്യേകിച്ചും കഴിഞ്ഞ 124 വർഷത്തിനിടയിൽ 2024 ഏറ്റവും ചൂടേറിയ വർഷമായിരുന്നു. കഴിഞ്ഞ വർഷത്തെ താപനില സാധരണയെക്കാൾ 0.54 ഡിഗ്രി സെൽഷ്യസായിരുന്നു. ഇന്ത്യയിൽ മാത്രമല്ല, ലോകമെമ്പാടും 2024ൽ 219 തീവ്രമായ കാലാവസ്ഥ സംഭവങ്ങൾ ഉണ്ടായി. 26 സംഭവങ്ങളിലായി 3700 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ലക്ഷക്കണക്കിന് ആളുകൾ പാലായനം ചെയ്തു. ഈ വർഷം ചൂട് റെക്കോർഡ് ഉയർന്ന സാഹചര്യത്തിൽ വേനൽ രോഗങ്ങൾ ജനങ്ങളെ ബാധിക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കണം. വേനൽക്കാലം നേരിടാൻ ഗവൺമെന്റ് പലതും ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

### പ്രാർത്ഥന വിഷയങ്ങൾ

1. വേനൽച്ചൂടിൽ ജനങ്ങൾക്ക് ഒരു രോഗവും വരാതിരിക്കാൻ സർക്കാർ മുൻകരുതൽ എടുക്കാൻ പ്രാർത്ഥിക്കുവിൻ.
2. സൂര്യാഘാതം മൂലമുള്ള മരണങ്ങൾ ഉണ്ടാകാതിരിക്കാൻ കർത്താവ് കാലാവസ്ഥയ്ക്ക് വ്യതിയാനം ഉണ്ടാക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. കുട്ടികളുടെയും പ്രായമായവരുടെയും മേൽ ദൈവീക സംരക്ഷണം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.
4. വെയിലിൽ നിന്ന് ജോലി ചെയ്യുന്നവർ ബാധിക്കപ്പെടാതെ സംരക്ഷിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.



# ജലക്ഷാമം

തടാകങ്ങൾ, കുളങ്ങൾ, നദികൾ, കടലുകൾ, തോടുകൾ തുടങ്ങി പലതരം ജലാശയങ്ങൾ ഇന്ത്യയിലുണ്ട്. എന്നാൽ 50 ശതമാനത്തിലധികം ആളുകൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല. ശുദ്ധമായ കുടിവെള്ളം ലഭിക്കാതെ പ്രതിവർഷം 2,00,000 പേർ മരിക്കുന്നു. നിലവിലെ നിരക്കിൽ ജലം ഉപയോഗിക്കുന്നത് തുടർന്നാൽ, 2030 ആകുമ്പോഴേക്കും ഇന്ത്യയ്ക്ക് ആവശ്യമുള്ളതിന്റെ പകുതി വെള്ളം മാത്രമേ ലഭിക്കൂ. 2025 ആകുമ്പോഴേക്കും 1.8 ബില്യൺ ജനങ്ങൾക്ക് ജലക്ഷാമം നേരിടും. ജലത്തിന്റെ ആവശ്യം അനുദിനം വർധിച്ചുവരുന്നതു നിമിത്തം കൃത്യമായ ആസൂത്രണമില്ലാത്തതിനാൽ 2025ഓടെ ഇന്ത്യയിൽ കടുത്ത ജലക്ഷാമം ഉണ്ടാകും. ലോകത്തിലെ 19 രാജ്യങ്ങളിൽ 50ലധികം ആളുകൾ ജലക്ഷാമം നേരിടുന്നതിനാൽ ജലത്തിനായി അയൽരാജ്യങ്ങളെ ആശ്രയിക്കുന്നു. ലോകത്തിൽ മൂന്നിൽ ഒരാൾക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. അഞ്ചിൽ ഒരാൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നില്ല.

## പ്രാർത്ഥന വിഷയങ്ങൾ

1, വേനൽക്കാലത്ത് ജലം ക്ഷാമമില്ലാതെ ലഭ്യമാകുന്നതിനും, ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.
2. ശുദ്ധമായ കുടിവെള്ളം ലഭിക്കാതെയുള്ള മരണം തടയുന്നതിനായി ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.
3. വെള്ളത്തിനായി അയൽ രാജ്യങ്ങളെ ആശ്രയിക്കുന്ന രാജ്യങ്ങൾക്ക് അതത് രാജ്യങ്ങളിൽ ജലത്തിന്റെ ലഭ്യത ഉറപ്പാക്കാൻ ഗവൺമെന്റ് നല്ല പദ്ധതികൾ നടപ്പിലാക്കാനായി പ്രാർത്ഥിക്കുവിൻ.
4. രാജ്യങ്ങളിൽ അനുഗ്രഹീതമായി മഴ ലഭിപ്പാനും, ക്ഷാമമില്ലാതെ ജലം ലഭിക്കുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുവിൻ.





# പൊതു പരീക്ഷ ഫലങ്ങൾ

കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 10,11,12 ക്ലാസുകളിലെ പൊതുപരീക്ഷകൾ നടത്തപ്പെട്ടു. 12-ാം ക്ലാസിൽ 8,21,057 വിദ്യാർത്ഥികളും, 11-ാം ക്ലാസിൽ 8,23,261 വിദ്യാർത്ഥികളും പരീക്ഷയെഴുതി. 10-ാം ക്ലാസിൽ 9,13,036 പേർ പരീക്ഷയെഴുതി. 12-ാം ക്ലാസ് പരീക്ഷാഫലം മെയ് 9നും, 10-ാം ക്ലാസ്, 11-ാം ക്ലാസ് പരീക്ഷാഫലം മെയ് 19നും പ്രസിദ്ധീകരിക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

## പ്രാർത്ഥന വിഷയങ്ങൾ

1. പൊതു പരീക്ഷകൾ എഴുതി ഫലം കാത്തിരിക്കുന്ന ഓരോ വിദ്യാർത്ഥിക്കും വേണ്ടി പ്രാർത്ഥിക്കുവിൻ.
2. പരീക്ഷാഫലം കാത്തിരിക്കുന്ന എല്ലാവർക്കും നല്ല മാർക്കും വിജയവും ലഭിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.
3. വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ പ്രതീക്ഷിക്കുന്ന മാർക്ക് ലഭിക്കുവാനും അവരുടെ പ്രതീക്ഷകൾ നിറവേറുന്നതിനും പ്രാർത്ഥിക്കുവിൻ.
4. പരാജയം നിമിത്തം തെറ്റായ തീരുമാനങ്ങൾ എടുക്കാതിരിക്കാതിരിക്കുവാനും, അവർക്ക് മനസ്സമാധാനം ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.









# ഉണർവിന്റെ വിത്തുകൾ

അഡോണിറാം ജഡ്സൺ 1788 ആഗസ്റ്റ് 9ന് മാൾട്ടണിൽ ജനിച്ചു. മൂന്ന് വയസ്സുള്ളപ്പോൾ വേദപുസ്തകത്തിന്റെ ഒരു അദ്ധ്യായം മുഴുവൻ വായിക്കുകയും മനഃപാഠമാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പിതാവ്, മികച്ച വിദ്യാഭ്യാസം ലഭ്യമായ സ്കൂളിൽ അദ്ദേഹത്തെ അയച്ചു. 12-ാം വയസ്സിൽ ജഡ്സൺ വളരെ പ്രയാസമുള്ള ഗ്രീക്ക് ഭാഷ പഠിച്ചു.

ആരോഗ്യവാനായിരുന്ന ജഡ്സൺ, 14-ാം വയസ്സിൽ മരണകരമായ രോഗത്താൽ ബാധിക്കപ്പെട്ടു. എന്നാൽ കർത്താവിന്റെ കൃപയാൽ അതിൽ നിന്നും അത്ഭുതകരമായ വിടുതൽ ലഭിച്ചു. ജഡ്സന്റെ ഏറ്റവും അടുത്ത സ്നേഹിതൻ ഒരു നാടകകൃത്തായിരുന്നു. അയാൾക്ക് ദൈവത്തിൽ വിശ്വാസമില്ല. ജഡ്സനേയും നിരീശ്വരവാദിയാക്കി മാറ്റാൻ പല ഉപദേശങ്ങൾ നൽകി, അവന്റെ മനസ്സ് മാറ്റി തെറ്റായ മാർഗ്ഗത്തിൽ വഴിനടത്തി.



ഒരു ദിവസം ജഡ്സൺ തന്റെ ജീവിതവും ചിന്തകളും ദൃഢനിശ്ചയവുമെല്ലാം തെറ്റാണെന്ന് മനസ്സിലാക്കുകയും വേദശാസ്ത്രം പഠിക്കാൻ ഒരു കോളേജിൽ ചേരാൻ തീരുമാനിക്കുകയും ചെയ്തു. ഉടൻ തന്നെ അത് ചെയ്യുവാൻ കഴിയാത്തതിനാൽ മൂന്നുമാസം വീട്ടിൽ ഇരുന്ന് പഴയനിയമവും പുതിയനിയമവും മുഴുവനും വായിച്ച് വേദഗ്രന്ഥം മനസ്സിലാക്കി. അവൻ ക്രിസ്തുവിൽ സ്വയം സമർപ്പിച്ചു. കർത്താവിനുവേണ്ടി തനിക്ക് പലതും ചെയ്യാനുണ്ടെന്ന് അയാൾ തിരിച്ചറിഞ്ഞു. ഈ സമയത്താണ് "ഈസ്റ്റ് ഇന്ത്യാ കമ്പനി" എന്ന പുസ്തകത്തിൽ ഇന്ത്യയിൽ യേശുവിന്റെ സുവിശേഷം പ്രസംഗിക്കപ്പെട്ട വിധവും, സുവിശേഷം ജനങ്ങളിൽ വരുത്തിയ നല്ല മാറ്റങ്ങളും വിശദീകരിക്കപ്പെട്ടത്. ഇത് വായിച്ചപ്പോൾ, ഇന്ത്യയിൽ പോയി ഒരു മിഷനറിയായി പ്രവർത്തിക്കാൻ ജഡ്സണിന് ആഗ്രഹമുണ്ടായി. മിഷനറി പ്രവർത്തനത്തിൽ താൽപര്യം പ്രകടിപ്പിച്ചാണ് അദ്ദേഹം ഇന്ത്യയിലെ കൽക്കത്തയിൽ എത്തിയത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ മിഷനറി പ്രവർത്തനത്തിന് ആളുകളുടെ ആവശ്യമില്ലെന്ന് അദ്ദേഹത്തോട് പറഞ്ഞു. അതുകൊണ്ട് അദ്ദേഹം രാത്രി തന്നെ കപ്പൽ കയറി, വലിയ പ്രയാസങ്ങളുടെ മദ്ധ്യത്തിലും മ്യാൻമാറിലേക്ക് (ബർമ) പോയി.

വേദപുസ്തകം ബർമീസിലേക്ക് പരിഭാഷ ചെയ്യാനുള്ള വലിയ ആഗ്രഹം നിമിത്തമാണ് അദ്ദേഹം ബർമീസ് ഭാഷ പഠിച്ചത്. ഏറെ എതിർപ്പുകൾക്കിടയിലും അദ്ദേഹം പരിഭാഷ പൂർത്തിയാക്കി. ഈ സമയത്ത് ഒരു ദിവസം ഒരു സംഘം പട്ടാളക്കാർ ജഡ്സന്റെ വീട്ടിൽ വന്ന്, രാജാവ് നിങ്ങളെ വിളിക്കുന്നു, ഉടനെ



പുറപ്പെടുവിൻ എന്ന് പറഞ്ഞ് കൊണ്ടുപോയി അദ്ദേഹത്തെ വധശിക്ഷയ്ക്ക് വിധിച്ച് ജയിലിലടച്ചു. മാസങ്ങളോളം നല്ല ഭക്ഷണം ലഭിക്കാതെ കഷ്ടപ്പെട്ടു. അയാൾ ധരിച്ചിരുന്ന വസ്ത്രങ്ങൾ കീറി. അദ്ദേഹത്തിന്റെ കൈകാലുകൾ ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വീട്ടിലെ എല്ലാ വസ്തുക്കളും സമ്പത്തും പിടിച്ചെടുക്കാൻ ഉദ്യോഗസ്ഥരെ അയച്ചു. ഇത് നേരത്തെ അറിയാമായിരുന്ന ഭാര്യ ആൻ ജഡ്സൺ തന്റെ ചില സാധനങ്ങളും ജഡ്സൺ പരിഭാഷപ്പെടുത്തിയവയും സുരക്ഷിതമായി കെട്ടിവച്ച് കുഴിയെടുത്ത് അതിൽ കുഴിച്ചിട്ടു. കുറെ ദിവസങ്ങൾക്ക് ശേഷം അത് കുഴിച്ചെടുത്ത്, ആ പേപ്പറുകൾ ഒരു തലയണയിൽ വച്ച് ജയിലിലായിരിക്കുന്ന ജഡ്സന് കൊണ്ടുകൊടുത്തു. അദ്ദേഹം അത് വായിച്ച് ആവശ്യമുള്ളിടത്ത് തിരുത്തലുകൾ വരുത്തുകയും വലിയ സംതൃപ്തിയും ആശ്വാസവും അനുഭവിക്കുകയും ചെയ്തു.

ഒരു കാലഘട്ടത്തിൽ അദ്ദേഹത്തെ ഈ ജയിലിൽ നിന്ന് മറ്റൊരു ജയിലിലേക്ക് മാറ്റി. അദ്ദേഹം തലയണയും കൂടെ കൊണ്ടുപോയി. ജയിൽ ഉദ്യോഗസ്ഥൻ ദേഷ്യത്തോടെ അയാളുടെ കൈകളിൽ നിന്ന് തലയണ പിടിച്ചുവാങ്ങി വലിച്ചെറിഞ്ഞു. ജഡ്സൺ വളരെ ഭാരപ്പെട്ടു. ബർമീസ് ഭാഷയിലുള്ള തിരുവെഴുത്തുകൾ ജനങ്ങൾക്ക് നൽകാൻ ഇത്രയും വർഷം തങ്ങൾ നടത്തിയ ശ്രമങ്ങളെല്ലാം പാഴായിപ്പോയി എന്ന് കരുതി അവർ വളരെ നിരാശയിലായി. എങ്കിലും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കർത്താവേ, ഈ ജനങ്ങൾ തങ്ങളുടെ മാതൃഭാഷയിൽ അങ്ങയുടെ വചനങ്ങൾ അറിയുവാനും വിശ്വസിക്കുവാനും അങ്ങിൽ പറ്റിച്ചേരുവാനുമുള്ള ഞങ്ങളുടെ ശ്രമം സാത്താൻ പരാജയപ്പെടുത്തരുതേ. ഇതിന്റെ ഉത്തരവാദിത്തം അങ്ങ് ഏറ്റെടുക്കേണമേ എന്ന് അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അതിനായി സർവശക്തനായ കർത്താവ് മറ്റൊരു പദ്ധതി ഒരുക്കിയിരുന്നു. വലിച്ചെറിയപ്പെട്ട തലയണ ഒരു ക്രൈസ്തവന് കിട്ടി, അതിനുള്ളിലെ നിധി കണ്ട് അയാൾ അത്ഭുതപ്പെട്ടു. ആ വേദപുസ്തകം അച്ചടിക്കാൻ അയാൾ യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയെ സമീപിക്കുകയും അവർ അത് ബർമീസ് ഭാഷയിൽ മനോഹരമായി അച്ചടിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതറിഞ്ഞപ്പോൾ ജഡ്സൺ അതിയായി സന്തോഷിച്ചു. താൻ ജയിലിൽ അടയ്ക്കപ്പെട്ടെങ്കിലും കർത്താവ് ആ ജോലി നന്നായി ചെയ്തതിൽ അദ്ദേഹം വളരെ സന്തോഷിച്ചു. കർത്താവ് ജഡ്സന്റെ ഹൃദയംഗമായ പ്രാർത്ഥന കേട്ടു.

ബർമ്മയിൽ ശാശ്വതമായി ക്രൂശ് സ്ഥാപിക്കുന്നതുവരെ താൻ ആ സ്ഥലം വിട്ടുപോകില്ലെന്ന് ജഡ്സൺ തീക്ഷ്ണതയോടെ തീരുമാനമെടുത്തു. തൽഫലമായി, 30 വർഷത്തിനുശേഷം, ബർമ്മയിൽ 63 സഭകൾ, 163 ശുശ്രൂഷകർ എഴുന്നേറ്റു. കൂടാതെ 7000ത്തിലധികം ബർമക്കാർ യേശുവിനെ സ്വീകരിച്ച് കർത്താവിനുവേണ്ടി ജീവിക്കുന്നു.

1850ൽ ജഡ്സൺ ക്ഷയരോഗബാധിതനായി, ചികിത്സയ്ക്കായി ഒരു കടൽ യാത്ര നടത്തി. യാത്രാമദ്ധ്യേ 62-ാം വയസ്സിൽ അദ്ദേഹം മരണപ്പെട്ടു. ജഡ്സന്റെ മൃതദേഹം കടലിൽ സംസ്കരിച്ചു. ഇപ്പോൾ പല മിഷനറിമാരും ജഡ്സന്റെ കാൽച്ചുവടുകൾ പിന്തുടരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ ധാരാളം കഷ്ടപ്പാടുകളും പരീക്ഷണങ്ങളും നേരിട്ടിട്ടും കർത്താവ് ജഡ്സനെ അത്ഭുതകരമായി വിടുവിച്ചു. ജഡ്സന്റെ ശുശ്രൂഷയുടെ ഫലമായി ബർമ്മയിലെ ആയിരക്കണക്കിന് ആളുകൾ ഇന്ന് ക്രൈസ്തവരാണ്. ജഡ്സൺ തന്റെ ജീവിതം മുഴുവനും ബർമ്മയ്ക്കായി സമർപ്പിച്ചു.

**ഇത് വായിക്കുന്ന പ്രിയ യൗവനക്കാരെ വിദേശരാജ്യങ്ങളിൽ നിന്ന് വന്ന ശുശ്രൂഷക്കാരെ കുറിച്ച് നിങ്ങൾ ചിന്തിക്കാറുണ്ടോ? വിജാതീയരോട് കർത്താവിനെ അറിയിക്കാൻ നിങ്ങളെ സമർപ്പിക്കാമോ? ആ വിളി നിങ്ങൾക്കുണ്ടോ? നിങ്ങളുടെ സഭ ശുശ്രൂഷകരെ അയയ്ക്കുന്ന സഭ ആണോ? ദാഹത്തോടെ ശുശ്രൂഷ ചെയ്യുന്നവരായി നിങ്ങൾ മാറുമോ?**



# സ്വപ്നത്തിലുള്ള Canva



യുവ വിജയികൾക്ക് എന്റെ സ്നേഹാശംസകൾ! ജീവിതത്തിൽ നാം പഠിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാഠം എന്തെന്നാൽ, എല്ലാവർക്കും ഭാവിയെക്കുറിച്ച് പല സ്വപ്നങ്ങളുണ്ട് എന്നതാണ്. എന്നാൽ അത് ഒരു സ്വപ്നം മാത്രമാണെങ്കിൽ, നമുക്ക് അത് നേടാൻ കഴിയില്ല. എന്നാൽ ആ സ്വപ്നം സാക്ഷാത്കരിക്കാൻ എന്തെങ്കിലും ചെയ്യാനുള്ള പഠനം പൂർത്തീകരിച്ചാൽ, നിശ്ചയമായും വിജയം കണ്ടെത്താൻ കഴിയും.




1987ൽ ഓസ്ട്രേലിയയിലെ പെർത്തിലാണ് മെലാനി പെർകിൻസ് ജനിച്ചത്. സ്കൂൾ പഠനകാലത്ത് മെലാനി കരകൗശല വസ്തുക്കൾ ഉണ്ടാക്കി വിൽക്കുമായിരുന്നു. കുട്ടിക്കാലം മുതൽ സംരംഭകത്വ മേഖലയോട് താൽപര്യമുണ്ടായിരുന്നു. യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ, സോഫ്റ്റ് വെയറും ഗ്രാഫിക് ഡിസൈൻ സോഫ്റ്റ് വെയറും വളരെ സങ്കീർണ്ണമാണെന്ന് ശ്രദ്ധിച്ചിരുന്നതിനാൽ അവ ലളിതമാക്കണമെന്ന ആശയം അവൾക്കുണ്ടായി. അങ്ങനെ 2007ൽ മെലാനി തന്റെ പങ്കാളി **Chiff**



Obrecht നൊപ്പം ഓൺലൈൻ ഡിസൈൻ പ്ലാറ്റ്ഫോമായ ഫാഷൻ ബുക്സ് രൂപീകരിച്ചു. ഒരു ഓൺലൈൻ ഡിസൈൻ പ്ലാറ്റ്ഫോം സൃഷ്ടിച്ച് അതിൽ വിജയിക്കുക എന്നതാണ് മെലാനിയുടെ സ്വപ്നം. 2013ൽ മെലാനി **Chiff Obrecht, Cameron Adans** എന്നിവരോട് ചേർന്ന് **Canva** കമ്പനി ആരംഭിച്ചു. ആദ്യകാലങ്ങളിൽ മെലാനി തന്റെ ആശയം നിക്ഷേപകർക്ക് നൽകിയപ്പോൾ, പലരും അത് നിരസിച്ചു. എന്നാൽ തന്റെ സ്വപ്നം സാക്ഷാത്കരിക്കാനുള്ള ശ്രമം അവൾ തുടരുകയും അവസാനം വിജയിക്കുകയും ചെയ്തു.




**ഇന്ന് ലോകത്തിലെ മുൻനിര ഡിസൈൻ സോഫ്റ്റ് വെയറായി Canva വളരുകയാണ്. 190 ലധികം രാജ്യങ്ങളിൽ ജനങ്ങൾ Canva ഉപയോഗിക്കുന്നു. Canva ബില്യൺ ഡോളർ മൂല്യമുള്ള കമ്പനിയായി മാറിയിരിക്കുന്നു.**

**ഇത് വായിക്കുന്ന സ്നേഹിതരെ നിങ്ങളുടെ സ്വപ്നം വിജയകരമായി മാറുവാൻ, എല്ലാം അതിജീവിക്കാൻ നിങ്ങൾ പഠിക്കണം. നിങ്ങളുടെ സ്വപ്നം ഉപേക്ഷിക്കരുത്. അത് നിറവേറ്റാൻ മെലാനിയെപ്പോലെ പോരാടണം. വിജയം വിദൂരമല്ല അത് നിങ്ങളുടേതാണ്. സ്വപ്നം യാഥാർത്ഥ്യമാക്കുന്നതും, സ്വപ്നമായി തന്നെ നിലനിർത്തുന്നതും നിങ്ങളിൽ തന്നെയാണ്....!**


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# വീണ്ടും തളിർത്ത അത്തിമരം





പ്രിയ സ്നേഹിതരെ, യേശുവിന്റെ നാമത്തിൽ സ്നേഹാശംസകൾ...! വീണ്ടും തളിർത്ത അത്തിമരം എന്ന ചരിത്ര സംഭവങ്ങളിലൂടെ നിങ്ങളെ വീണ്ടും കണ്ടുമുട്ടിയതിൽ അതിയായ സന്തോഷമുണ്ട്.

കഴിഞ്ഞ മാസം ഇസ്രായേൽ ദേശത്തിന്റെ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കി. 40 വർഷം ഇസ്രായേലിനെ ഭരിച്ച ദാവീദ് രാജാവിന് ഇസ്രായേലിന്റെ ദൈവത്തിന് ഒരു ആലയം പണിയണമെന്ന ആഗ്രഹമുണ്ടായിരുന്നു. എന്നാൽ 'എനിക്ക് ആലയം പണിയേണ്ടതു നീയല്ല, നിന്റെ മകനായ ശലോമോൻ എനിക്ക് ആലയം പണിയും' എന്ന് ദൈവം അരുളിച്ചെയ്തു.

എന്നാൽ ദാവീദ് ദൈവത്തിന് ഒരു ആലയം പണിയാൻ സ്വർണ്ണം, വെള്ളി, വെങ്കലം, മരം തുടങ്ങി ധാരാളം സമ്പത്ത് ശേഖരിച്ചു. ദാവീദിന്റെ കാലത്തിനുശേഷം, അവന്റെ മകൻ ശലോമോൻ രാജാവ് ഇസ്രായേൽ രാജ്യത്തിലെ യെരുശലേം നഗരത്തിലെ മോറിയാ മലയിൽ ദൈവത്തിനായി ഒരു വലിയ ആലയം പണിതു.



(ഈ മോറിയാ മലയിലാണ് അബ്രഹാം യിസ്ഹാക്കിനെ യാഗമർപ്പിക്കാൻ കൊണ്ടുവന്നത്). ഇന്നത്തെ ഇന്ത്യൻ രൂപയുടെ മൂല്യമനുസരിച്ച് യെരുശലേം ദൈവാലയ നിർമ്മാണത്തിന് ഏകദേശം 166 ലക്ഷം കോടി രൂപയാണ് ചിലവ്. അങ്ങനെയെങ്കിൽ ആ ദൈവാലയം എത്രമാത്രം വലുതാണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിരിക്കും.

ഈ മഹത്തായ യെരുശലേം ദേവാലയം, ബാബിലോൺ ഭരിച്ചിരുന്ന നെബൂഖദ്നേസർ രാജാവ് ബി.സി. 538ൽ തകർത്തു. (അന്നത്തെ ബാബിലോൺ ഇന്നത്തെ ഇറാഖ്). യെരുശലേം ദൈവാലയത്തിലെ അമൂല്യ നിധികൾ ബാബിലോണ്യർ കൊള്ളയടിച്ചു.

ബാബിലോണിലെ രാജാവായ സൈറസിന്റെ ഭരണകാലത്ത്, കർത്താവ് സെരുബ്ബാബേൽ





എന്ന ദാസനെ എഴുന്നേൽപ്പിച്ച് (ബി.സി. 536-ബി.സി. 519 കാലഘട്ടത്തിൽ) രണ്ടാമത്തെ ദൈവാലായത്തിന്റെ പണി പൂർത്തീകരിച്ചു.

രണ്ടാമതായി പണിത ദൈവാലയം കാലക്രമേണ ജീർണാവസ്ഥയിലായി. അതിനിടയിൽ പലരുടെയും ഭരണം മാറിക്കൊണ്ടേയിരുന്നു. അതായത്, യെരുശലേം നഗരം പല രാജാക്കന്മാരും മാറിമാറി ഭരിച്ചു. ഹെരോദാവ് രാജാവിന്റെ ഭരണകാലത്ത് യഹൂദരെ പ്രീതിപ്പെടുത്തുന്നതിനായി അദ്ദേഹം ശ്രദ്ധാപൂർവം ദൈവാലയത്തെ പുതുക്കിപ്പണിതു.

യേശു ജീവിച്ചിരുന്ന കാലഘട്ടത്തിൽ രണ്ടാമതായി പുതിക്കിപ്പണിത ദൈവാലയമാണ് ഉണ്ടായിരുന്നത്. യേശു ഈ ദൈവാലയത്തെക്കുറിച്ചാണ് കല്ല് കല്ലിന്മേൽ ശേഷിക്കാതിരിക്കും എന്ന് പറഞ്ഞത്.

" ഈ കാണുന്നതിൽ ഇടിഞ്ഞുപോകാതെ കല്ല് കല്ലിന്മേൽ ശേഷിക്കാത്ത കാലം വരും എന്ന് അവൻ (യേശു) പറഞ്ഞു" (ലൂക്കോസ് 21:6).

യേശുവിന്റെ കാലത്തിന് ശേഷം അതായത് യേശു മനുഷ്യനായി ജനിച്ച്, വളർന്ന്, അത്ഭുതങ്ങൾ പ്രവർത്തിക്കുകയും തന്റെ ജീവൻ നൽകുകയും ചെയ്ത് ഉയിർപ്പിനുശേഷം, പെന്തക്കോസ്ത് നാളിൽ മാളികമുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവ് പകരപ്പെട്ടു. പ്രാർത്ഥനയുടെ ആത്മാവ് പകരപ്പെട്ടു. ശിഷ്യന്മാർ തീക്ഷ്ണതയോടെപ്രവർത്തിച്ചു. ശക്തി വെളിപ്പെട്ടു. ജനങ്ങൾ കൂട്ടം കൂട്ടമായി രക്ഷ പ്രാപിച്ചു, സഭകൾ പെരുകി. യെരുശലേമിൽ പകരപ്പെട്ട ഉണർവിന്റെ അഗ്നി യഹൂദ്യ, ശമര്യ ദേശങ്ങളിൽ വ്യാപരിച്ചു. ആ ഉണർവിന്റെ അഗ്നി അയൽ രാജ്യങ്ങളിലേക്കും ദ്വീപുകളിലേക്കും ഭൂഖണ്ഡങ്ങളിലേക്കും റോമിലേക്കും വ്യാപരിച്ചു.

ഈ ഉണർവിന്റെ അഗ്നി എന്നിലേക്ക് പകരേണമേ എന്ന് പ്രാർത്ഥിക്കുവിൻ. കർത്താവ് നിങ്ങളുടെമേലും ഉണർവിന്റെ അഗ്നി പകരും. നിങ്ങളും അഗ്നിജ്വാലപോലെ ജ്വലിച്ച് പ്രകാശിക്കും.

അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. എന്റെ ദാസന്മാരുടെ മേലും ദാസിമാരുടെ മേലുംകൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും; അവരും പ്രവചിക്കും
(അപ്പൊ. പ്രവർത്തികൾ 2:17,18).

**ഈ കാലഘട്ടത്തിൽ അതായത് റോമാക്കാരുടെ ഭരണകാലത്ത് എ.ഡി. എഴുപതാം വർഷത്തിൽ രണ്ടാമത്തെ ദൈവാലയമായ യെരുശലേം ദൈവാലയം അഗ്നിയ്ക്ക് ഇരയാക്കി. ഇസ്രായേല്യർ ചിതറിപ്പോയി. ഇസ്രായേലിന്റെ സന്തതികൾ ഇസ്രായേൽ ദേശത്തിലില്ല. ഇസ്രായേലിൽ ഒരു യഹൂദൻ പോലും ഉണ്ടായിരുന്നില്ല. ലോക ഭൂപടത്തിൽ നിന്ന് ഇസ്രായേൽ എന്ന പേര് നീക്കം ചെയ്തു. യെരുശലേം ദൈവാലയം അഗ്നിക്കിരയാക്കി. ഇസ്രായേൽ ജനതയും നശിപ്പിക്കപ്പെട്ടു.**

**പ്രിയ സ്നേഹിതരെ, വീണ്ടും തളിർത്ത അത്തിമരത്തെ കുറിച്ച് അടുത്ത മാസത്തിൽ നമുക്ക് കാണാം.**

# എന്ത് പഠിക്കണം!!

പത്താം ക്ലാസ്, 12-ാം ക്ലാസ് പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികളെ ഉയർന്ന മാർക്ക് നേടിയതുകൊണ്ട് അക്കൗണ്ടൻസി തന്നെ എടുക്കണമെന്ന് നിർബന്ധമില്ല. നിങ്ങൾക്ക് പഠിക്കുവാൻ കഴിയുന്ന കോഴ്സ് തിരഞ്ഞെടുക്കണം. നിങ്ങളുടെ മാതാപിതാക്കൾ പറയുന്നു, സ്നേഹിതർ പറയുന്നു എന്ന് ചിന്തിച്ച് നിങ്ങൾക്ക് പഠിക്കുവാൻ കഴിയാത്ത കോഴ്സ് എടുക്കരുത്.





## ബിരുദം

11-ാം ക്ലാസിൽ ചേരുന്നതിന് മുമ്പ്, കോളേജിൽ ഏത് കോഴ്സാണ് തിരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിച്ചതിന് ശേഷം +1 ഗ്രൂപ്പ് തിരഞ്ഞെടുക്കണം. അധികം മാർക്ക് ലഭിച്ചതുകൊണ്ട്, അക്കൗണ്ടിംഗ് തിരഞ്ഞെടുക്കുകയും, +2വിന് ശേഷം ബി.കോം പഠിക്കുവാൻ കഴിയുമോ എന്ന് ചിന്തിക്കുകയും ചെയ്യരുത്. അതുപോലെ, എഞ്ചിനീയറിംഗ് കോഴ്സിൽ ചേരണമെങ്കിൽ, ഏത് വിഷയമാണ് നിങ്ങൾക്ക് അനുയോജ്യമായതെന്ന് ഇപ്പോൾ തീരുമാനിക്കണം. സി.എ. പഠിക്കാൻ ഏത് കോഴ്സ് എടുക്കണം, കൃഷി, മൃഗസംരക്ഷണം എന്നീ പഠനങ്ങൾക്ക് നിലവിൽ ഏത് കോഴ്സാണ് എടുക്കേണ്ടത് എന്ന് മുൻകൂട്ടി തീരുമാനിച്ച് ഉചിതമായ കോഴ്സ് വിഭാഗം തിരഞ്ഞെടുക്കണം.

## പോളിടെക്നിക് പഠനം

മാർക്ക് കുറവാണ് +1 പഠിക്കാൻ താൽപ്പര്യമില്ലെങ്കിൽ പോളിടെക്നിക്കൽ ഡിപ്ലോമ പഠിക്കാം. ഈ കോഴ്സ് മൂന്ന് വർഷത്തിൽ പൂർത്തിയാക്കിയതിനുശേഷം, രണ്ടാം വർഷത്തിൽ നേരിട്ട് എഞ്ചിനീയറിംഗ് കോഴ്സിന് ചേരാം, ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയ ശേഷം അവർക്ക് ഇൻഡസ്ട്രിയൽ, കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്ത് പാർട്ട് ടൈം ബി.ഇ., ബി.ടെക്. കോഴ്സിനും ചേരാം.

## കോഴ്സ് തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കുക

- പത്താം ക്ലാസിൽ ഉയർന്ന മാർക്ക് നേടിയാലും എന്ത് പഠിക്കണമെന്ന് നിങ്ങൾ തീരുമാനിക്കുകയും അതനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുക്കുകയും വേണം.
- മെഡിസിൻ പഠിക്കണമെങ്കിൽ +1 മുതൽ തന്നെ നീറ്റിന് തയാറെടുക്കണം. അതിനായി പരിശീലനം നേടുന്നതിനെക്കുറിച്ച് നിങ്ങൾ ഇപ്പോൾ തന്നെ തീരുമാനിക്കണം.
- നിങ്ങൾക്ക് ഐ.ഐ.ടി., എൻ. ഐ. ടി. മുതലായവയിൽ എഞ്ചിനീയറിംഗ് പഠിക്കണമെങ്കിൽ നിങ്ങൾ JEE പരീക്ഷ വിജയിക്കണം. അതിനും നിങ്ങൾ ഇപ്പോൾ തീരുമാനിച്ച് കോഴ്സ് തിരഞ്ഞെടുക്കണം.
- തൊഴിലധിഷ്ഠിത കോഴ്സുകൾ തിരഞ്ഞെടുത്താൽ +2വിന് ശേഷം എഞ്ചിനീയറിംഗിൽ കുറച്ച് കോഴ്സുകൾ മാത്രമേ പഠിക്കാൻ സാധിക്കൂ. വിദ്യാർത്ഥികൾ അതിനെക്കുറിച്ച് മനസ്സിലാക്കി അതനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കുന്നതാണ് നല്ലത്.



Education

